# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പടിയൂർ കല്ലിയാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.13/818/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 21/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടിയൂർ കല്ലിയാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടിയൂർ കല്ലിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിയൂർ കല്ലിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.13/818/22 തീയ്യതി: 21/06/2022

## കണ്ണൂർ ജില്ലയിലെ പടിയൂർ കല്ലിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പടിയൂർ കല്ലിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-03-2021 മുതൽ 26-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 27-05-2022 | 07-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-05-2022 | 07-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.ഓഡിറ്റ് ഓഫീസർ
ശ്രീ.മനോജ്കുമാർ ടി ജോർജ്ജ്. അസിസ്ററന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.നിഖില.എ.എം,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.ബി.ഷംസുദ്ദീൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.അനിൽ രാമകൃഷ്ണൻ | സെക്രട്ടറി | 01-04-2020 | 04-02-2021 |
| ശ്രീ.സുരേഷ്ബാബു.കെ | സെക്രട്ടറി | 05-02-2021 | 08-03-2021 |
| ശ്രീ.കെ.രാജൻ | സെക്രട്ടറി | 09-03-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.രാജൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ദീപ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 23-06-2020 |
| ശ്രീ.ജ്യോതിഷ്ബാബു.കെ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 24-06-2020 | 31-03-2021 |
| ശ്രീ.ശ്രീകുമാർ.ടി.വി | കൃഷി ഓഫീസർ | 01-04-2020 | 13-10-2020 |
| ശ്രീമതി.ജിജി.ജെ | കൃഷി ഓഫീസർ | 14-10-2020 | 10-02-2021 |
| ശ്രീ.ശ്രീകുമാർ.ടി.വി | കൃഷി ഓഫീസർ | 11-02-2021 | 31-03-2021 |
| ശ്രീമതി.തസ്ലീം.ടി.പി | വി.ഇ.ഒ.കല്യാട് സർക്കിൾ | 01-04-2020 | 31-03-2021 |
| ഡോ.നിത്യ ചാക്കോ | വെറ്റിനറി സർജൻ | 01-04-2020 | 09-12-2020 |
| ഡോ.അഭിലാഷ്.ടി | വെറ്റിനറി സർജൻ | 10-12-2020 | 31-03-2021 |
| ഡോ.അമ്പിളി.സി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുല്ല സി. | വി.ഇ.ഒ. പടിയൂർ സർക്കിൾ | 01-04-2020 | 29-09-2020 |
| ശ്രീ.വിനീഷ് വർഗ്ഗീസ് | വി.ഇ.ഒ. പടിയൂർ സർക്കിൾ | 30-09-2020 | 25-02-2021 |
| ശ്രീമതി ഹൻസ ലയോള | വി.ഇ.ഒ. പടിയൂർ സർക്കിൾ | 26-02-2021 | 31-03-2021 |
| ഡോ.അജിത്കുമാർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2020 | 18-06-2020 |
| ഡോ.സത്യരാജൻ ടി.പി. | മെഡിക്കൽ ഓഫീസർ, | 19-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| | പി.എച്ച്.സി. | | |
| ശ്രീമതി ദീപാതോമസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ടിങ്കിൾ മാത്യു | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

12/11/2020 മുതൽ 29/12/20 വരെ സെക്രട്ടറി,കൃഷി ഓഫീസർ, അസിസ്ററന്റ് എഞ്ചിനീയർ എന്നിവർ ഉൾപ്പെടുന്ന ഭരണനിർവ്വഹണ കമ്മിറ്റിയാണ് നിലവിൽ ഉണ്ടായിരുന്നത്

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shyma Kumari S.L (Audit Officer, On 28-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക 2020-21<br>Written By: Shyma Kumari S.L (Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ<br>Written By: Manoj Kumar.T.George (Asst. Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-2-1 |
| 4 | സാമ്പത്തികവിശകലനം<br>Written By: Shyma Kumari S.L (Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Shyma Kumari S.L (Audit Officer, On 01-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Shyma Kumari S.L (Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-6 |
| 8 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി-ബില്ലുകളിൽ നിന്നും 2% നിരക്കിൽ.ജി.എസ്.ടി തുക(ടി.ഡി.എസ്) കുറവ് ചെയ്തിട്ടില്ല.<br>Written By: Shyma Kumari S.L (Audit Officer, On 05-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-6-1 |
| 9 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി-മരാമത്ത് പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടില്ല<br>Written By: Shyma Kumari S.L (Audit Officer, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-6-2 |
| 10 | ക്ഷേമപെൻഷനുകൾ<br>Written By: Shyma Kumari S.L (Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം<br>Written By: Shyma Kumari S.L (Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-8 |
| 12 | ഗ്രാമ സഭ<br>Written By: Shyma Kumari S.L (Audit Officer, On 28-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-9 |
| 13 | ഊരുക്കൂട്ടയോഗങ്ങളിലെ നിർദേശങ്ങൾക്കും തീരുമാനങ്ങൾക്കും അർഹമായ പരിഗണന ലഭ്യമാക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 01-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-9-1 |
| 14 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Shyma Kumari S.L (Audit Officer, On 28-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-10 |
| 15 | തൊഴിൽ നികുതി അപാകങ്ങൾ<br>Written By: Nikhila A.M. (Auditor, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-11 |
| 16 | കൂട്ടിച്ചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി | 1-12 |

| | | |
|---|---|---|
| | പുനർനിർണ്ണയം നടത്തിയില്ല<br>Written By: Nikhila A.M. (Auditor, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | |
| 17 | മൊബൈൽ ടവർ -കെട്ടിട നികുതി കുടിശ്ശിക ഈടാക്കിയില്ല<br>Written By: Nikhila A.M. (Auditor, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-13 |
| 18 | വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Nikhila A.M. (Auditor, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-14 |
| 19 | ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Nikhila A.M. (Auditor, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-15 |
| 20 | മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ - 1700/- രൂപ വരവു നഷ്ടം<br>Written By: Nikhila A.M. (Auditor, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-16 |
| 21 | മൂലധന നിക്ഷേപം കണക്കാക്കാതെ ലൈസൻസ് ഫീസ് നിശ്ചയിച്ചു<br>Written By: Nikhila A.M. (Auditor, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-17 |
| 22 | ഐ സി ഡി എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ-സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Nikhila A.M. (Auditor, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-18 |
| 23 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട-സബ്സിഡിയിനത്തിൽ അധികമായി തുക ചെലവഴിച്ചത്-തുടർനടപടികൾ അറിയിക്കേണ്ടതാണ്.<br>Written By: Nikhila A.M. (Auditor, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-19 |
| 24 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല 56550/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Nikhila A.M. (Auditor, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-20 |
| 25 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അപാകതകൾ<br>Written By: Nikhila A.M. (Auditor, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-21 |
| 26 | 60 വയസ്സു കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ-അപാകതകൾ<br>Written By: Nikhila A.M. (Auditor, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-22 |
| 27 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയില്ല.ചെലവ് തുക 6195 രൂപ തടസപ്പെടുത്തുന്നു<br>Written By: Nikhila A.M. (Auditor, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-23 |
| 28 | ബാലസഭ പ്രവർത്തനം-വിദ്യാർത്ഥികൾക്ക് മിനി ലൈബ്രറി സ്ഥാപിക്കൽ അപാകതകൾ -160544/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Nikhila A.M. (Auditor, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-24 |
| 29 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-25 |

| | | |
|---|---|---|
| 30 | കെൽട്രോണിന് 254രൂപ അധികം നൽകി<br>Written By: Manoj Kumar.T.George (Asst. Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-26 |
| 31 | സാന്ത്വന പരിചരണ പദ്ധതി- അവലോകനം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-27 |
| 32 | ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാല താമസം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-28 |
| 33 | ഐ.കെ.എം ന് കൈമാറിയ തുക -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-29 |
| 34 | സ്ഥലം മാറ്റ യാത്രാ ബത്ത- ടാക്സി ചാർജ് ഇനത്തിൽ 1150രൂപ അധികം അനുവദിച്ചു.തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-30 |
| 35 | തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-31 |
| 36 | വാട്ടർ ടാപ്പുകൾ- സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-32 |
| 37 | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-33 |
| 38 | വാഹന ഉപയോഗം- അപാകങ്ങൾ<br>Written By: Manoj Kumar.T.George (Asst. Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-34 |
| 39 | ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക പഞ്ചായത്തിന് തിരികെ ലഭ്യമാക്കേണ്ടതാണ്<br>Written By: Shyma Kumari S.L (Audit Officer, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 1-35 |
| 40 | കരാറുകാരന് തുക അനുവദിച്ചതിൽ അപാകത,അധികമായി അനുവദിച്ച തുക 390 രൂപ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 06-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-36 |
| 41 | കാലാവധിനീട്ടി നൽകിയിട്ടും സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.പിഴ ഈടാക്കേണ്ടതാണ്<br>Written By: Shyma Kumari S.L (Audit Officer, On 08-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 1-37 |
| **ഭാഗം 2** | | |
| 1 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിലെ അപാകതകൾ-1700രൂപ വരവ് നഷ്ടം<br>Written By: Shyma Kumari S.L (Audit Officer, On 08-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 2-1 |
| **ഭാഗം 3** | | |
| 1 | സ്ഥലംമാറ്റ യാത്രാബത്ത ടാക്സി ചാർജ് ഇനത്തിൽ 1150രൂപ അധികം അനുവദിച്ചു.തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 08-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 3-1 |

| | | |
|---|---|---|
| 2 | കരാറുകാരന് തുക അനുവദിച്ചതിൽ അപാകത,അധികമായി അനുവദിച്ച തുക 390 രൂപ തിരികേ ഈടാക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 08-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shyma Kumari S.L (Audit Officer, On 01-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shyma Kumari S.L (Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ട് വിവരം<br>Written By: Shyma Kumari S.L (Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 01-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-06-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Shyma Kumari S.L (Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shyma Kumari S.L (Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Shyma Kumari S.L (Audit Officer, On 07-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-06-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Shyma Kumari S.L (Audit Officer, On 07-06-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 07-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shyma Kumari S.L (Audit Officer, On 05-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shyma Kumari S.L (Audit Officer, On 01-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-06-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പടിയൂർ- കല്യാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ 5224987 രൂപ മുന്നിരിപ്പും 200770500 രൂപ വരവും 204232000 രൂപ ചെലവും 1763487രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് 13/3/2020 ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 19/2021-ാം നമ്പർ തീരുമാനപ്രകാരം കൗൺസിലേയ്ക്ക് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിരുന്നു.ആയത് 23/3/2020 ലെ ബജറ്റ് സമ്മേളനയോഗത്തിൽ VI-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

| | ബജറ്റ് തുക |
|---|---|
| മുൻബാക്കി | 5224987 |
| വരവ് | 200770500 |
| ആകെ വരവ് | 205995487 |
| ചെലവ് | 204232000 |
| നീക്കിയിരിപ്പ് | 1763487 |

ചില ഹെഡ് ഓഫ് അക്കൗണ്ടിൽ മാത്രം മാറ്റം വരുത്തുകയും ആകെ തുകയിൽ മാറ്റം വരുത്താത്തതുമായ പുതുക്കിയ ബജറ്റ് 29/1/2021ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം നമ്പർ 3/21 പ്രകാരവും പഞ്ചായത്ത് ഭരണസമിതിയുടെ 18/2/2021 ലെ 27/1 തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുകയും ജെൻഡർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക 2020-21

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുവാനായി തിരിച്ചയച്ച തീയതി |
|---|---|---|
| 31/7/2020 | 25/6/2021 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

പടിയൂർ കല്ല്യാട് ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) വാർഷിക ധനകാര്യ പത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) ഉൾപ്പെടുത്തിയിട്ടില്ല.

2)ബി4 ഷെഡ്യൂളിൽ 320100203 എന്ന ഹെഡ്ഡിൽ ബാധ്യതയായി കാണിച്ചിട്ടുള്ള ഖര മാലിന്യ സംസ്കരണ പദ്ധതികൾക്കായി ലഭിച്ച 601244രൂപ 2015-16 മുതൽ ബാധ്യതയായി തുടരുന്ന തുകയാണ്. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല.

3) ബി.4 ഷെഡ്യൂളിൽ 320200399 എന്ന ഹെഡ്ഡിലുള്ള 3761145 എന്ന ബാധ്യതാ തുകയുടെയും വിശദാംശങ്ങൾ പഞ്ചായത്ത് ഹാജരാക്കിയിട്ടില്ല.

4) ബി.4 ഷെഡ്യൂളിൽ 320700105 എന്ന ഹെഡ്ഡിൽ ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന 69532 രൂപ 2018-19വർഷം പൂർത്തിയായ പദ്ധതിയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയാണ്. പ്രസ്തുത തുക തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കുമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

5) ബി.4 ഷെഡ്യൂളിൽ 320200394 എന്ന ഹെഡ്ഡിലുള്ള 1837429 രൂപയിൽ 157429 രൂപ 2015-16 മുതൽ ബാധ്യതയായി തുടരുന്നതും സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമായ തുകയാണ്.

6) ബി.4 ഷെഡ്യൂളിൽ 370700204 എന്ന ഹെഡ്ഡിലുള്ള 463763 രൂപ, 320700205 എന്ന ഹെഡ്ഡിലുള്ള 14790 രൂപ എന്നിവയുടെ വിശദാംശങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല.

7) ഭരണ സമിതി അംഗങ്ങളുടെ ഹോണറേറിയം, സിറ്റിംഗ് ഫീ ഇനങ്ങളിലുള്ള തുകകൾ ബി9 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

8) ആസ്തിരജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

9) ബാലൻസ് ഷീറ്റിലെ വസ്തു നികുതി കുടിശ്ശികയ്ക്ക് ആനുപാതികമായ തുകയല്ല ലൈബ്രറിസെസ് ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

10) കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ ലാപ്സ്ഡ് ഡെപ്പോസിറ്റായി വരവ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

11) പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതി കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

12) അഡ്വാൻസ് രജിസ്റ്റർ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

13) 17-02-2020ന് ആരംഭിച്ച സൗത്ത് ഇന്ത്യൻ ബാങ്കിലെ 0615073000000155 നമ്പർ അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുൻബാക്കി | 17855916 |
| വരവ് തുക | 72200362 |
| ആകെ | 90056278 |
| ചെലവ് തുക | 70508653 |
| നീക്കിയിരിപ്പ് | 19547625 |
| വരവിനങ്ങളിലുള്ള നഷ്ടം | 1700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1540 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 223289 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 12904000 | 12904000 | 12078770 | 825230 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 1290000 | 1290000 | 1236591 | 53409 |
| വികസന ഫണ്ട് (ടി.എസ്.പി.) | - | 2197000 | 2197000 | 1931281 | 265719 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 8582000 | 8582000 | 8581509 | 491 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 4103000 | 4103000 | 2937183 | 1165817 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 5660000 | 5660000 | 3700000 | 1960000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | - | 9113375 | 9113375 | 8071763 | 1041612 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 619378 | 42982343 | 43601721 | 43579521+ 20000 (തിരിച്ചടവ്) | 2200 |
| ഐ.സി.ഡി.എസ് | 1374658 | 993438 | 2368096 | 1923459 | 444637 |

| | | | | | |
|---|---|---|---|---|---|
| (അനു പൂരക പോഷകാഹാരം) | | | | | |
| അങ്കണവാടി നെയിം ബോർഡ് | - | 75000 | 75000 | - | 75000 |
| എം.പി. ഫണ്ട് | 11794 | 324 | 12118 | 0 | 12118 |
| ഖരമാലിന്യ സംസ്കരണം – കേന്ദ്രാവിഷ്കൃത പദ്ധതി | 601244 | 0 | 601244 | 0 | 601244 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ & മറ്റ് വരവുകൾ | | | | | |
| ശുചിത്വ മിഷൻ | 2238225 | - | 2238225 | - | 2238225 |
| പി.ബി.ഐ.ജി. (ശുചിത്വ മിഷനിൽ നിന്നും ലഭ്യമായത്) | 0 | 1837386 | 1837386 | 464466 | 1372920 |
| മഴക്കാല പൂർവ ശുചീകരണം | 0 | 150000 | 150000 | 0 | 150000 |
| പശ്ചിമ ഘട്ട വികസന പദ്ധതി | 1042456 | 33223 | 1075679 | 0 | 1075679 |
| ഹരിത അവാർഡ് | 1000000 | 0 | 1000000 | 0 | 1000000 |
| വിമുക്തി | 37850 | 0 | 37850 | 0 | 37850 |
| സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡ് ഗ്രാന്റ് | 50000 | 0 | 50000 | 0 | 50000 |
| കില ഗ്രാന്റ് | 0 | 11730 | 11730 | 2680 | 9050 |
| പഞ്ചായത്ത് ഇലക്ഷൻ ഹോണറേറിയം | 0 | 7000 | 7000 | 0 | 7000 |
| സാക്ഷരത | 3953 | 79 | 4032 | 0 | 4032 |
| ടോട്ടൽ സാനിറ്റേഷൻ | 34395 | - | 34395 | - | 34395 |
| ആര്യങ്കോട് കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം ITDP ഫണ്ട് | 157429 | - | 157429 | - | 157429 |
| ലൈഫ് മിഷൻ എസ്.റ്റി. ഫണ്ട് | - | 1680000 | 1680000 | - | 1680000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീ കാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2020-21 | 192 | 82899456 | 52281262 | 147 | 0 | 45 | 76.56 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ | ആകെ | നടപ്പാക്കിയ | പദ്ധതി | പദ്ധതി | ചെലവ് |
|---|---|---|---|---|---|

| ഉദ്യോഗസ്ഥൻ | പദ്ധതി കളുടെ എണ്ണം | പദ്ധതി കളുടെ എണ്ണം | അടങ്കൽ | ച്ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 3711640 | 3606240 | 97 |
| വെറ്റിനറി സർജ്ജൻ | 6 | 6 | 2800400 | 2025400 | 72 |
| വി ഇ ഒ പടിയൂർ സർക്കിൾ | 4 | 3 | 2375486 | 633986 | 27 |
| വി ഇ ഒ കല്ല്യാട് സർക്കിൾ | 5 | 4 | 890000 | 458319 | 51 |
| വി ഇ ഒ സർക്കിൾ | 8 | 7 | 15158490 | 3520000 | 23 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 16 | 12 | 2720275 | 1706205 | 63 |
| മെഡിക്കൽ ഓഫീസർ,ആയുർവേദ | 4 | 3 | 1123000 | 1050000 | 93 |
| ഐസിഡിഎസ് സൂപ്പർവൈസർ | 12 | 12 | 5216585 | 5008522 | 96 |
| ഡയറി എക്റ്റൻഷൻ ഓഫീസർ | 1 | 1 | 1100000 | 670000 | 61 |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 12 | 2720275 | 1706205 | 63 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 85 | 58 | 31966518 | 19714629 | 62 |
| സെക്രട്ടറി | 28 | 23 | 15468062 | 13887961 | 90 |
| ആകെ | 192 | 147 | 82899456 | 52281262 | 63 |

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 619378 | 1237819 | 1857197 | 1854997 | 2200 |
| തൊഴിലാളികളുടെ കൂലി | - | 41744524 | 41744524 | 41744524 | - |
| ആകെ | 619378 | 42982343 | 43601721 | 43599521 | 2200 |

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം നാളിതുവരെ ആകെ 4335 തൊഴിൽകാർഡ് നൽകിയിട്ടുണ്ട്. ആയതിൽ 28 പട്ടികജാതി കുടുംബവും 387 പട്ടികവർഗകുടുംബവും ആണ്. 2020-21 വർഷം ആകെ 201 എണ്ണം പ്രൊജക്ടുകൾ നിർവഹിച്ചതായും തൻവർഷം 100ദിവസം തൊഴിൽ ലഭിച്ച 278 കുടുംബങ്ങളിൽ 1 പട്ടിക ജാതി കുടുംബവും 112 പട്ടികവർഗകുടുംബങ്ങളും ഉൾപ്പെട്ടിരിക്കുന്നു എന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 28/2-6-2022 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 1-6-1 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി-ബില്ലുകളിൽ നിന്നും 2% നിരക്കിൽ.ജി.എസ്.ടി തുക(ടി.ഡി.എസ്) കുറവ് ചെയ്തിട്ടില്ല.

2020-21 ൽ നിർവ്വഹിച്ച എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രൊജക്ടുകൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർക്ക് ബിൽ തുകകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ബില്ലുകൾ പ്രകാരം 250000 രൂപയിൽ അധികരിച്ച തുകകൾ അനുവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ.ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്തിട്ടില്ല. (ഗുഡ്സ് ആന്റ് സർവ്വീസ് ആക്ട് 2017ലെ സെക്ഷൻ 51, 21-07-2018ലെ 28th ജി.എസ്.സി. കൗൺസിൽ തീരുമാനം) ജ്.എസ്.ടി ചട്ടം അനുസരിച്ച് നികുതികൾ ഒഴികെ ബിൽ തുക 250000 രൂപയോ അതിൽ കൂടുതലോ അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യണം.30/7/2019 ലെ സർക്കുലർ നംപർ 957/ ഇ ജി എസ്-സി/16/ ആർ ഇ ജി എസ് കൂടി കാണുക.

വിശദവിവരം ചുവടെകൊടുക്കുന്നു

| ക്രമ നമ്പർ | പ്രവൃത്തി | എംബുക്ക് നമ്പർ | പ്രവൃത്തി മൂല്യം | മെറ്റീരിയൽ ചെലവ് | 2% ജിഎസ്ടി ഈടാക്കേണ്ടത് |
|---|---|---|---|---|---|
| 1 | പടിയൂർ ടൗൺ നിടിയോച്ചൽ റോഡ് കോൺക്രീറ്റിംഗ് | 83/2021 | 479958 | 377923 | 7558 |
| 2 | പെടയങ്ങോട് പുഴക്കടവ് റോഡ് കോൺക്രീറ്റിംഗ് | 74/20-21 Page 15 | 494158 | 392442 | 7849 |
| 3 | പെരുമണ്ണ് മാപുര കുയിലൂർ റോഡ് കോൺക്രീറ്റിംഗ് | 345/20-21 Page 12 | 495068 | 386430 | 7729 |
| 4 | പുലിക്കാട് വാർഡിൽ റോഡ് കോൺക്രീറ്റിംഗ് | 13/20-21 Page 11 | 500393 | 395132 | 7903 |
| 5 | വള്ളിത്തല കാവ് റോഡ് കോൺക്രീറ്റിംഗ് | 13/20-21 Page 16 | 494526 | 364328 | 7287 |
| 6 | കോൺക്രീറ്റിംഗ് | 45/20-21 Page 5 | 499663.48 | 367750 | 7355 |
| 7 | പൂവം മാപ്പുര റോഡ് കോൺക്രീറ്റിംഗ് | 317/2020-21 | 392650 | 306471 | 6130 |
| 8 | ബ്ലാത്തൂർ വാട്ടർടാങ്ക് അമ്പാടിമുക്ക് റോഡ് -റോഡ് കോൺക്രീറ്റിംഗ് | 45/20-21 Page 9 | 501272.43 | 367633 | 7353 |
| 9 | ആലുംമുക്ക് പൂക്കാട് റോഡ് കോൺക്രീറ്റിംഗ് | 45/20-21 Page 13 | 501132.43 | 367736 | 7355 |
| 10 | മുണ്ടയിൽ വാർമല റോഡ് കോൺക്രീറ്റിംഗ് | 70/20-21 Page 15 | 486868 | 386429 | 7729 |
| 11 | കൊല്ലി റോഡ് കോൺക്രീറ്റിംഗ് | 30/20-21 Page 11 | 497120 | 392390 | 7848 |
| 12 | പുലിക്കാട് പാലം | 30/20-21 | 378737.84 | 295581 | 5912 |

| | | | | | |
|---|---|---|---|---|---|
| | ആര്യങ്കോട് കോളനി റോഡ് കോൺക്രീറ്റിംഗ് | Page 22 | | | |
| 13 | തിരൂർ SNDPറോഡ് കോൺക്രീറ്റിംഗ് | 30/20-21 Page 32 | 495158 | 386397 | 7728 |
| 14 | തിരൂർ SNDPറോഡ് കോൺക്രീറ്റിംഗ്- രണ്ടാം ഘട്ടം | 30/20-21 Page42 | 495188.28 | 386397 | 7728 |
| 15 | ബ്ലാത്തൂർ ആല്യംമുക്ക് പാലൂർ റോഡ് കോൺക്രീറ്റിംഗ് | 105/20-21 Page 7 | 495203.28 | 368609 | 7372 |
| 16 | ബ്ലാത്തൂർ ആല്യംമുക്ക് പാലൂർ റോഡ് കോൺക്രീറ്റിംഗ് രണ്ടാം ഘട്ടം | 105/20-21 Page 13 | 495223.29 | 368945 | 7379 |
| 17 | ആര്യങ്കോട് ഊരത്തൂർ റോഡ് കോൺക്രീറ്റിംഗ് | 110/20-21 Page11 | 499963.17 | 395083 | 7902 |
| 18 | കുമൻ കല്ല് ചുള്ളിയോട് റോഡ് കോൺക്രീറ്റിംഗ് | 110/20-21 Page 22 | 484621.20 | 381825 | 7637 |
| 19 | പഴശ്ശി പദ്ധതി പുതിയപുര റോഡ് കോൺക്രീറ്റിംഗ് | 342/20-21 Page 12 | 495049 | 386428 | 7729 |
| 20 | കുന്നത്തമ്പലം മാപ്പുര റോഡ് കോൺക്രീറ്റിംഗ് | 322/20-21 | 495138 | 386430 | 7729 |
| 21 | RC 32863 ഊരത്തൂർ മഞ്ചക്കുറ്റിവയൽ റോഡ് കോൺക്രീറ്റിംഗ് | 35/20-21 Page 8 | 415632 | 326861 | 6537 |
| 22 | RC 330098 കുമൻകല്ല് ചുള്ളിയോട് റോഡ് കോൺക്രീറ്റിംഗ് രണ്ടാം ഘട്ടം | 35/20-21 Page 19 | 495068.28 | 389090 | 7782 |
| 23 | RC331437 കുന്നത്തമ്പലം ഭജനമഠം റോഡ് കോൺക്രീറ്റിംഗ് | 346/2020-21 Page 15 | 482016 | 376061 | 7521 |
| 24 | RC 321564 ചടച്ചിക്കണ്ടം കമ്മ്യൂണിറ്റി ഹാൾ റോഡ് കോൺക്രീറ്റിംഗ് | 336/20-21 Page 15 | 495416 | 387715 | 7754 |
| ജി.എസ്.ടി ഇനത്തിൽ ആകെ ഒടുക്കേണ്ടുന്ന തുക | | | | | 178806 |

ജി.എസ്.ടി.കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് അറിയിച്ചുകൊണ്ട് നല്കിയ എന്ക്വയറിയ്ക്ക് (നം.27-2/6/2022) മറുപടിയായി ബില്ലിൽ നിന്നും 18% ജി എസ് ടി ഈടാക്കിയതായി കാണുന്ന തുകൊണ്ടാണ് ടി ഡി എസ് തുക ഈടാക്കാഞ്ഞത് എന്ന മറുപടിയാണ്നൽകിയിരിക്കുന്നത്.ആയത് തൃപ്തികരമായ മറുപടിയല്ല.ആയതിനാൽ 2020-21 ൽ നിർവഹണം ചെയ്ത മുഴുവൻ പദ്ധതികളുടെയും 2.5ലക്ഷത്തിന മുകളിൽ മെറ്റീരിയൽ ചെലവ് വന്ന ബില്ലുകൾ

പരിശോധിച്ച് മെറ്റീരിയൽ ചെലവ് തുകയുടെ 2%ജി എസ് ടി തുക ഈടാക്കി ഒടുക്ക വരുത്തേണ്ടതാണ്.
സ്രോതസ്സിൽ നിന്നും നികുതി കുറവ് ചെയ്യാതിരുന്നാൽ/കുറവ് ചെയ്ത തുക സർക്കാരിലേക്ക് ഒടുക്കാതിരുന്നാൽ ചരക്കുസേവന നികുതി നിയമത്തിലെ വകുപ്പ് 122(I)(V) പ്രകാരം പിഴ ഒടുക്കേണ്ടി വരുന്നതാണ് എന്ന വിവരവും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6-2 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി-മരാമത്ത് പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടില്ല

പടിയൂർ -കല്യാട്ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച പരിശോധനയിൽ 2020-21 വർഷത്തിൽ ആകെ 201 പദ്ധതികൾ നിർവഹിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടില്ല. കൂടാതെ പദ്ധതിയുടെ മോണിറ്ററിംഗും കാര്യക്ഷമമായി നിർവഹിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 32 തീയതി 6/5/2022 ) മറുപടിയായി 2020-21വർഷത്തിൽ സോഷ്യൽ ഓഡിറ്റ് നടന്നിട്ടില്ല പകരം ഫീൽഡ് പരിശോധന മാത്രമാണ് നടത്തിയിട്ടുള്ളത്എന്ന് അറിയിച്ചിട്ടുണ്ട്. ആയതിന് തെളിവായി കയ്യാല നിർമ്മാണം, നീർത്തട വികസനം, പച്ചക്കറി കൃഷിക്ക് സ്ഥലമൊരുക്കൽ എന്നീ പ്രവൃത്തികളുടെ ഫീൽഡ് പരിശോധനാ റിപ്പോർട്ട് മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിച്ച മരാമത്ത് പ്രവൃത്തികളുടെ യാതൊരുവിധ മോണിറ്ററിംഗും നടത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിന്റെ വിവരം |
|---|---|
| പെടയങ്ങോട് പുഴക്കടവ് റോഡ് കോൺക്രീറ്റിംഗ് | എഞ്ചിനീയരുടെ സന്ദർശനകുറിപ്പ് മാത്രം |
| പുലിക്കാട് വാർഡിൽ റോഡ് കോൺക്രീറ്റിംഗ് | ഇല്ല |
| മുണ്ടയിൽ വാർമല റോഡ് കോൺക്രീറ്റിംഗ് | സ്ഥലസന്ദർശനം നടത്തിയവരുടെ തസ്തിക രേഖപ്പെടുത്തിയിട്ടില്ല |
| പഴശ്ശി പദ്ധതി പുതിയപുര റോഡ് കോൺക്രീറ്റിംഗ് | മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് യഥാവിധി പൂരിപ്പിച്ചിട്ടില്ല |
| കുമൻകല്ല് ചുള്ളിയോട് റോഡ് കോൺക്രീറ്റിംഗ് | ഇല്ല |
| പടിയൂർ ടൗൺ നിടിയോടിച്ചാൽ റോഡ് കോൺക്രീറ്റിംഗ് | ഇല്ല |
| ബ്ലാത്തൂർ ആലുമുക്ക് പാലൂർ റോഡ് കോൺക്രീറ്റിംഗ് | ഇല്ല |

2020-21 വർഷത്തിൽ കോവിഡിന്റെ പശ്ചാത്തലത്തിലും നടത്തിയ 201 ഓളം പ്രവൃത്തികൾ കൃത്യമായ മോണിറ്ററിംഗോ സോഷ്യൽ ഓഡിറ്റോ നടത്താത്തതിനാൽ പ്രവൃത്തി സംബന്ധിച്ച ആധികാരികത ഉറപ്പു വരുത്തുവാൻ സാധിച്ചിട്ടില്ല.

## 1-7 ക്ഷേമപെൻഷനുകൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 10454000 | 738 |
| തൊഴിൽ രഹിതവേതനം | 62520 | 64 |
| വിധവാപെൻഷൻ | 13194100 | 879 |
| വാർദ്ധക്യകാല പെൻഷൻ | 22101400 | 1687 |
| ഭിന്നശേഷിക്കാരുടെ പെൻഷൻ | 3872600 | 266 |
| അവിവാഹിത പെൻഷൻ | 618900 | 44 |
| വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1/06/22 തീയ്യതിയിൽ 3.35 Pm സമയത്ത് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

തുക അക്കത്തിൽ : ₹ 19572

തുക അക്ഷരത്തിൽ : പത്തൊൻപതിനായിരത്തി അഞ്ഞൂറ്റി എഴുപത്തി രണ്ടു രൂപ

## 1-9 ഗ്രാമ സഭ

പടിയൂർ -കല്യാട് ഗ്രാമ പഞ്ചായത്തിൽ ആകെ 15 വാർഡുകൾ ഉണ്ട്. പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാമ സഭ മിനട്സ് പരിശോധിച്ചതിൽ 2020-021 വർഷത്തിൽ ആകെ ഒരു തവണ മാത്രമേ ഗ്രാമ സഭ ചേർന്നിട്ടുള്ളൂ എന്ന് കണ്ടെത്താനായിട്ടുണ്ട്. വർഷത്തിൽ മൂന്നു തവണ ഗ്രാമ സഭ യോഗം ചേരണമെന്നത് പാലിച്ചിട്ടില്ല. കോവിഡ് പ്രോട്ടോക്കോൾ നിലവിലുള്ള സാഹചര്യത്തിൽ ആണ് ഗ്രാമ സഭ യോഗങ്ങൾ ചേരാൻ സാധിക്കാഞ്ഞത് എന്ന് അറിയിച്ചിട്ടുണ്ട്.എല്ലാ യോഗങ്ങളിലും ക്വാറം തികഞ്ഞിട്ടുണ്ട്. 11 പട്ടിക വർഗകോളനികളുടെ 11 ഊരു കൂട്ടങ്ങളും 2021 ഫിബ്രവരി മാസത്തിൽ ചേർന്നിട്ടുണ്ട്.

## 1-9-1 ഊരുക്കൂട്ടയോഗങ്ങളിലെ നിർദേശങ്ങൾക്കും തീരുമാനങ്ങൾക്കും അർഹമായ പരിഗണന ലഭ്യമാക്കേണ്ടതാണ്.

പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിൽ ആകെ ഒരു പട്ടികജാതി കോളനിയും 10പട്ടികവർഗകോളനിയും ഉണ്ട്.പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ഊരുക്കൂട്ടയോഗങ്ങൾ ചേരുന്നുണ്ടെങ്കിലും ഊരുക്കൂട്ടയോഗങ്ങളിലെ നിർദ്ദേശങ്ങൾക്കും തീരുമാനങ്ങൾക്കും അർഹമായ പരിഗണന നൽകുന്നതായി കാണുന്നില്ല.

11 ഊരുക്കൂട്ടങ്ങളും 2021 ഫിബ്രവരി മാസത്തിൽ ചേർന്നിട്ടുണ്ട്. ഊരുക്കൂട്ടങ്ങളിൽ ഉരുത്തിരിഞ്ഞു വരുന്ന നിർദ്ദേശങ്ങൾ പലതും നടപ്പിലാക്കുന്നില്ല. ഉദാഹരണമായി പാളം വയൽ പട്ടികവർഗ കോളനിയിലേയ്ക്ക് നല്ല നടപ്പാത ഇല്ലാത്തത് 13/6/2018 ൽ ചേർന്ന ഊരുക്കൂട്ടത്തിൽ ചർച്ച ചെയ്ത് നടപ്പാത നിർമിക്കുവാനായി നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് പരിഹരിക്കാത്തതിനാലായിരിക്കാം 9/2/2021ലും ഇതേ വിഷയം ചർച്ച ചെയ്യേണ്ടി വന്നത്. ഊരുക്കൂട്ടങ്ങളിൽ ഉരുത്തിരിഞ്ഞു വരുന്ന നിർദ്ദേശങ്ങൾ ക്ക് അർഹമായ പരിഗണന നല്കേണ്ടതാണ്. ഭരണസമിതി ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിൽ 2020-21-ൽ വർഷത്തിൽ പ്രതിമാസം ഓഫീസ് യോഗം ചേരുകയും ദൈനംദിന ഓഫീസ് പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുന്നതായും കണ്ടു. നികുതി പിരിവ് 100% കൈവരിക്കുന്നതിനായി ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരുന്നതായി കാണാൻ കഴിഞ്ഞു. രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നുണ്ട്. പഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

പഞ്ചായത്തിന്റെ വാർഷിക ബജറ്റ് പാസ്സാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ് ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. ജെന്റർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. വികസനഫണ്ട്, സംരക്ഷണ ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ്, മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക എന്നിവയുടെ വിനിയോഗം സംബന്ധിച്ച എ.സി.ആർ സൂക്ഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വരുന്നുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും

തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. എന്നാൽ പ്രൊക്യുയർമെന്റ് കമ്മിറ്റി യോഗങ്ങൾ ചേർന്നിട്ടുണ്ട്. അസറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2020-21-ലെ ആസ്തിവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി ആസ്തിരജിസ്ററർ കാലികമാക്കി,ആയതിന്റെ പ്രിന്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മരാമത്ത് ഒഴികെയുള്ള മോണിറ്ററിംഗ് സമിതി പരിശോധിക്കുന്നതായി കാണുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി അപാകങ്ങൾ

1. എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ) , 1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു. 2020-21 വർഷത്തെ എഫ് ടി ഇ &ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | ജീവനക്കാരുടെ എണ്ണം | കെട്ടിട നമ്പർ/ സംരഭം |
|---|---|---|---|
| 1. | സന്തോഷ് പി | 3 | 10/245<br>ടൂ വീലർ റിപ്പയറിംഗ് സ്റ്റേഷനറി |
| 2. | ആഷിക് | 6 | 11/251 B<br>ഫർണിച്ചർ നിർമാണം |
| 3. | ജലീസ് കെ | 3 | 11/406 G<br>സിമന്റ് വില്പന<br>സപ്ലൈകോ സൂപ്പർ മാർക്കറ്റ് |
| 4. | സെക്രട്ടറി, കല്ലു വയൽ ക്ഷീരോല്പാദകസഹകരണ സംഘം | 2 | 7/202 F |
| 5 | ശോഭന കെ | 5 | 11/56 B<br>ഫ്ലോർമിൽ<br>കമ്പ്യൂട്ടർ ഓൺലൈൻ സർവീസ് |
| 6 | പി അനിൽകുമാർ | 7 | കരിങ്കൽ ക്വാറി |
| 7 | വി അബ്ദുൾ റസാഖ് | 5 | 10/376<br>മരമിൽ |
| 8 | ഷാനത്ത്.കെ.ടി. | 3 | 1/33 B<br>LPG ഗോഡൗൺ |
| 9 | സഫീദ്കെ വി | 6 | 13/255 D<br>ഇന്റർലോക്ക് |

| | | | |
|---|---|---|---|
| | | | നിർമാണം |
| 10 | കൈമൂലയിൽ സജിത | 2 | 6/30 A<br>പന്നി ഫാം |

2020-21 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത മേല്പറഞ്ഞ വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (12/30.05.22) മറുപടിയായി 2020-21 സാമ്പത്തിക വർഷത്തിൽ മേല്പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയില്ല

2014-15, 2015-16 വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. മേൽപ്പറഞ്ഞ കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല.സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയതായും കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നം./ കാലാവധി | അധിക നിർമാണ ത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 2/303 | ചാപ്പാടി രവി | 2/15-16<br>28.04.16 To<br>27.04.19 | GF-100<br>FF-13.58 | 100 |
| 2 | 4/93 | കോയാടൻ ശ്രീനിവാസൻ | 29/14-15<br>17.06.14 To<br>16.06.17 | GF-86.54<br>FF-98.43 | 105 |
| 3 | 13/337 | ചേക്കിൻറകത്ത് സെറീന | 2038/16-17<br>2.5.17 To<br>01.5.20 | GF-82.62<br>GF-65.08 | 87 |
| 4 | 14/104 | മർഷക്കനിയിൽ ദേവി | 114/16-17<br>06.02.17 To<br>05.02.20 | GF-70.20<br>FF-8.61 | 40 |

കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൻ പ്രകാരം നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കി കാണുന്നത്. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 6 തീയതി 30-06-2022) ലഭ്യമാക്കിയ മറുപടിയിൽ വാർഡ് തലത്തിൽ ക്ലർക്കുമാർ പരിശോധന നടത്തി കൂട്ടിചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണയം നടത്തുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന

ചോർച്ചയും ഒഴിവാക്കേണ്ടതാണ്.

## 1-13 മൊബൈൽ ടവർ -കെട്ടിട നികുതി കുടിശ്ശിക ഈടാക്കിയില്ല

സഞ്ചയ പ്രകാരം പഞ്ചായത്തിൽ ആകെ 12 മൊബൈൽ ഫോൺ ടവറുകളാണ് ഉള്ളത്. ഇതിൽ താഴെ പറയുന്ന ഒരു മൊബൈൽ ഫോൺ ടവറിൽ നിന്നും വസ്തുനികുതി കൃത്യമായി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | കമ്പനിയുടെ പേര് | വാർഷിക വസ്തു നികുതി തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 2/401 A | ഡിഷ്നെറ്റ് വയർലസ്സ് | 9350 | 2013-14മുതൽ നികുതി ഒടുക്കിയിട്ടില്ല |

മൊബൈൽ ടവറിൽ നിന്നും നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് സംബന്ധിച്ച് 9/30.05.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നികുതി കുടിശ്ശിക അടവു വരുത്തുന്നതിനായി 2021-22 വർഷത്തിൽ കേസ് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

## 1-14 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

പടിയൂർ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 $M^2$ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 1293 |
| 2 | 100 $M^2$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 103 |
| 4 | 200 $M^2$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 1 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ,തുടങ്ങിയവ | 5 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 117 |
| 7 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 43 |
| 8 | ഇതര വ്യവസായങ്ങൾക്കുള്ളവ | 19 |
| | ആകെ | 1581 |

വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി 1581 കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ 2020-21 വർഷം എഫ് ടി ഇ & ഒ എസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 1581 കെട്ടിടങ്ങളിൽ 269 കെട്ടിടങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. 259 സ്ഥാപനങ്ങൾ മാത്രമെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ.ബാക്കിയുള്ള 1312 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വിവരം ലഭ്യമായിട്ടില്ല. ആകെ കെട്ടിട നമ്പർ അനുവദിച്ചതിന്റെ 17% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര – വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 83% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി

നം.08/30.05.2022) ലഭ്യമാക്കിയ മറുപടിയിൽ മിക്ക കെട്ടിട മുറികളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിച്ച് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-15 ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232, 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങൾ ചട്ടം 7(2) പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഫോറം 3 ൽ നൽകുന്ന ലൈസൻസ് കൂടാതെ ഫാമുകൾ നടത്തുന്നത് അനുവദനീയമല്ല. സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ(ഫോറം 6) പഞ്ചായത്ത് പരിധിയിൽ ഫാമുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | ഉപയോഗ ക്രമം |
|---|---|---|---|
| 1 | എടക്കാടൻകണ്ടി ജാസ്മിന | 2/389 B | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 2 | കുനങ്കൽബിനോയ് | 4/306 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 3 | സജിത | 6/303a | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ് സ്റ്റോക്ക് ഷെഡ് |
| 4 | അനിത | 7/328 B | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ് സ്റ്റോക്ക് ഷെഡ് |
| 5 | പറമ്പത്ത് റഫൂഖ് | 8/331 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 6 | സുനിൽ കുമാർ | 12/243 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 7 | അഫ്സത്ത് | 13/248 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 8 | കോമളവല്ലി കെ | 14/476 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 9 | റസാഖ് | 15/237abc | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |

| | | | |
|---|---|---|---|
| 10 | അബൂബക്കർനമീദ് | 2/339 B | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 11 | സമീർ എൻ കെ | 14/300 A | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 12 | പങ്കജാക്ഷി കെ | 12/243 D | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |

2020-21 സാമ്പത്തിക വർഷങ്ങളിൽ എത്ര ഫാമുകൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്നും ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും 30.05.2022 ലെ ഓഡിറ്റ് അന്വേഷണം നം.7/20-21 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന് 2020-21 സാമ്പത്തിക വർഷത്തിൽ 5 ഫാമുകൾ ലൈസൻസ് എടുത്തിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ മറുപടിയിൽ പറഞ്ഞ പ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിൽ പരിശോധിച്ചപ്പോൾ പ്രവർത്തനം നിർത്തി എന്ന് അവകാശപ്പെടുന്ന ഫാമുകളിൽ നിന്നെല്ലാം വസ്തു നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടുണ്ട്. കൂടാതെ ഈ ഫാമുകൾ പ്രവർത്തനം നിർത്തി എന്നതിന്റെ യാതൊരുവിധ രേഖകളും പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ മേൽ പറഞ്ഞ ഫാമുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഇവ പ്രവർത്തനം തുടരുന്നുണ്ടെങ്കിൽ അടിയന്തരമായി ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ - 1700/- രൂപ വരവ് നഷ്ടം

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017-ലെ ചട്ടം 18, 19 പട്ടിക-III-ൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ട മോട്ടോർ റണ്ണിങ് ഫീസ് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന്മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | കെട്ടിട നമ്പർ | ഈടാക്കേണ്ട മോട്ടോർ റണ്ണിങ് ഫീസ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | വിദ്യ എം | ഫ്ലോർമിൽ | I4/174 | 100 | സ്ഥാപനത്തിൽ 10 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 2 | കുട്ടിയമ്മ സെബാസ്റ്റ്യൻ | റൈസ് മിൽ | 4/381 | 100 | സ്ഥാപനത്തിൽ 10 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 3 | സുധീഷ് കെ | എഞ്ചിനീയറിംഗ് വർക്സ് | 2/364b | 100 | സ്ഥാപനത്തിൽ 10 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 4 | ഗിരിജ പി വി | ഓയിൽ മിൽ | 9/106 | 300 | സ്ഥാപനത്തിൽ 25 HP പവർ ഉള്ള മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് മോട്ടോർ റണ്ണിങ് ഫീസ് 300 രൂപ ഈടാക്കിയിട്ടില്ല. |
| 5 | വി എം തങ്കപ്പന് | ഓയിൽ മിൽ | 9/347 | 300 | സ്ഥാപനത്തിൽ 25 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 6 | വി എം തങ്കപ്പന് | വെൽഡിംഗ് വർക്ക്സ് | 9/107 | 200 | സ്ഥാപനത്തിൽ 14.5 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 7 | ടിജെ ഫ്രാൻസിസ് | ഈർച്ചമിൽ | 8/204 | 300 | സ്ഥാപനത്തിൽ 24.5 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 8 | ശ്രേയസ് ന്യൂട്ടരിമിക്സ് | ന്യൂട്രിമിക്സ് നിർമ്മാണം | 8/205 | 100 | സ്ഥാപനത്തിൽ 10 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 9 | കാർത്യായനി കെപി | ഹോളോബ്രിക്സ് നിർമ്മാണം | 12/240a | 100 | സ്ഥാപനത്തിൽ 8.5 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 10 | ടിജെ ഫ്രാൻസിസ് | റൈസ് മിൽ | 8/205 | 100 | സ്ഥാപനത്തിൽ 10 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| | | | ആകെ തുക | 1700 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11 തീയതി 30.05.2022) മറുപടിയായി മേൽ പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയിട്ടുള്ള മോട്ടോർ റണ്ണിങ് ഫീസിൽ കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക 1700 രൂപ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 മൂലധന നിക്ഷേപം കണക്കാക്കാതെ ലൈസൻസ് ഫീസ് നിശ്ചയിച്ചു

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം

ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ പടിയൂര് ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായി/ പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ട് ഇല്ലാതെയും അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെയുമാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ /സംരംഭം |
|---|---|---|
| 1 | ദാസൻ ടി | 14/227<br>ടെക്സ്റ്റയിൽസ് ഷോപ്പ് |
| 2 | പ്രസാദ് കെ വി | 9/321<br>പ്ലൈവുഡ്, ഗ്ലാസ് വില്പന |
| 3 | കെബി ശിവൻ | 11/229<br>ഫർണിച്ചർ വില്പന |
| 4 | അനിൽ കുമാർ ടി വി | 10/3b<br>ബേക്കറി |
| 5 | മുഹമ്മദ് ഹുസൈൻ | 10/176<br>ഇലക്ട്രോണിക്സ് കട |
| 6 | ബെവിൻജോർജ്ജ് | 9/39b<br>മലഞ്ചരക്ക് വ്യാപാരം |
| 7 | അശോകൻടിവി | 11/375d<br>മരം സ്റ്റോക്ക് വില്പന |
| 8 | മനോഹരൻ പി | 8/283<br>ഗാർമെന്റ്സ്<br>സ്റ്റേഷണറി |
| 9 | ട്രീസ | 7/202 D<br>സ്റ്റേഷനറി |
| 10 | പ്രേമദാസൻ കെ പി | 10/179<br>ടയർവർക്സ് |
| 11 | ബെന്നി പി വി | 8/291<br>ചിക്കൻ സ്റ്റാൾ |

ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ച് ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഫീൽഡ് തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസുമാണ് സംരംഭകരിൽ നിന്നും ഈടാക്കേണ്ടത്. ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ച് ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ലൈസൻസ് പുതുക്കൽ, പുതിയ ലൈസൻസ് അപേക്ഷ, വിറ്റുവരവ്, മൂലധനനിക്ഷേപം, തീയതി തുടങ്ങിയ കോളങ്ങൾ പല അപേക്ഷകളിലും പൂരിപ്പിച്ചിട്ടില്ല. ലൈസൻസ് അപേക്ഷയിലെ രേഖപ്പെടുത്തലുകളുടെ ആധികാരികത ഉറപ്പു വരുത്തി ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഫീൽഡ് തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-18 ഐ സി ഡി എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ-സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്ടിന്റെ നമ്പറും പേരും : 59/21,ഐ സി ഡി എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ

അടങ്കൽ : 49201/- മെയിന്റനൻസ് ഫണ്ട്( റോഡിതരം)

ചെലവ് : 39111/-
ബിൽ നം/തീയതി- 6/2020-21 /10-07-20

മേൽ പ്രൊജക്ട് പ്രകാരം ഐ സി ഡി എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി 09-06-20 ലെ പ്രഫോർമ ഇൻവോയിസ് നം TVM/ITBG/PI/RC/18357/20-21 പ്രകാരം 39111/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(19/02.05.22) നല്കിയ മറുപടിയില് കമ്പ്യൂട്ടർ ലഭ്യമായിട്ടുണ്ട് എന്നാണ് അറിയിച്ചത്. ആയതിന്റെ ഇൻവോയ്സോ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഇൻവോയ്സ് തുക മുൻകൂർ നൽകിയ തുകയേക്കാൾ കുറവാണെങ്കിൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-19 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട-സബ്സിഡിയിനത്തിൽ അധികമായി തുക ചെലവഴിച്ചത്-തുടർനടപടികൾ അറിയിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ സി ഡി എസ് സൂപ്പർവൈസർ
പ്രോജക്ട് നം/പേര് – 126/21, ഭിന്നശേഷിക്കാർക്ക് പെട്ടിക്കട

ഭരണാനുമതി – 2(3)/25.2.2020

അടങ്കൽ – 272000(വികസനഫണ്ട് ജനറൽ)

ചെലവ് – 272000രൂപ(ബിൽ നം.14/11.04.2020)

ഈ പ്രോജക്ടിന്റെ ഭാഗമായി പെട്ടിക്കടകൾ വിതരണം ചെയ്യുന്നതിനായി ടെൻഡർ നടപടികളിലൂടെ എലൈറ്റ് ഇലക്ട്രിക്കൽസ് ഇരിവേരി എന്ന സ്ഥാപനത്തിൽ നിന്നും 2020-21 വർഷത്തിൽ 8 പെട്ടിക്കടകൾ മുകളിൽ പറഞ്ഞ തുക നൽകി വാങ്ങിയിട്ടുണ്ട്. പെട്ടിക്കടയൊന്നിന് 34000 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് പെട്ടിക്കടക്ക് വേണ്ടി നൽകാവുന്ന പരമാവധി സബ്സിഡി തുക 30000 രൂപ മാത്രമായിരിക്കെ ഈ പ്രോജക്ടിൽ ഒരു പെട്ടിക്കടക്ക് 34000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ വിധത്തിൽ 8 ഗുണഭോക്താക്കൾക്കായി 32000 രൂപ സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ 1-30 ൽ മേൽ പദ്ധതി പ്രകാരമുള്ള ചെലവ് തുക തടസ്സപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബിൽ നം.14/11.04.2020 പ്രകാരമുള്ള ചെലവ് തുക ക്യൂ ബിൽ ആയത് കാരണം 2020-21 വർഷത്തിലെ സുലേഖ ചെലവ് പത്രികയിലാണ് കാണിച്ചിരിക്കുന്നത്.

8 ഗുണഭോക്താക്കൾക്കായി സബ്സിഡിയിനത്തിൽ 32000 രൂപ അധികമായി ചെലവഴിച്ചിട്ടുള്ളത് സംബന്ധിച്ച് തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-20 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല 56550/-രൂപ തടസ്സപ്പെടുത്തുന്നു

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവ് (ചെക്ക് നം,ബിൽ നം/തീയതി) |
|---|---|---|---|
| 1 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം 57/21 | 152250/-( – വികസന ഫണ്ട്-പൊതു വിഭാഗം) | 152250/- 9/20-21 തീയതി 18.09.2020 |
| 2 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം 191/21 | 95700( – വികസന ഫണ്ട്- പൊതു വിഭാഗം) | 95700ൽ (വികസന ഫണ്ട്) 11/20-21 തീയതി 12.10.2020 |

2020-21ൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കൽ എന്ന പ്രൊജക്ടിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു:-

വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി ARTCO യിൽ നിന്നും ക്രമ നമ്പർ ഒന്ന് പ്രകാരമുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 35 കട്ടിലുകൾ വാങ്ങിയിട്ടുണ്ട് ( കട്ടിലൊന്നിന് 4350 രൂപ). ക്രമ നമ്പർ രണ്ട് പ്രകാരമുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 22 കട്ടിലുകൾ വാങ്ങിയിട്ടുണ്ട് ( കട്ടിലൊന്നിന് 4350 രൂപ). എന്നാൽ ഇവയുടെ കൈപ്പറ്റ് രസീത് പരിശോധിച്ചതിൽ 44 എണ്ണം മാത്രമേ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. ബാക്കിയുള്ള കട്ടിലുകൾ വിതരണം ചെയ്തിട്ടുള്ളതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (29/03.06.22) ലഭ്യമാക്കിയ മറുപടിയിൽ ശേഷിക്കുന്ന രസീതികൾ ഉടനെ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഹാജരാക്കേണ്ടതാണ്. ബാക്കി വരുന്ന 13 കട്ടിലുകൾ സറ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. മതിയായ രേഖകളുടെ അഭാവത്തിൽ 13 കട്ടിലുകളുടെ ചെലവ് തുകയായ 56550/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-21 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അപാകതകൾ

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയാണ് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ.

| | |
|---|---|
| പദ്ധതിയുടെ പേര് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| പ്രൊജക്ട് നം | 55/21 |
| അടങ്കൽ | 8,00,000/- (4,00,000- വികസന ഫണ്ട്, 2,00,000 - ബ്ലോക്ക് പഞ്ചായത്ത്, 2,00,000 - ജില്ലാ പഞ്ചായത്ത്) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 13/20-21 തീയതി 14.10.2020 -2,42,200<br>17/20-21 തീയതി 04.02.2021 -1,57,800<br>16/20-21 തീയതി 04.02.2021 -100000<br>18/20-21 തീയതി 04.02.2021 -199988<br>ആകെ – 699988/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ, |

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകങ്ങളുണ്ട്.

1.മേൽ പ്രൊജക്ട് പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 699988/- രൂപ ചെലവഴിച്ചിട്ടുണ്ട്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷ്യൽ സ്കൂളുകളിലോ, നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, പഠന സാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രയ്ക്കായുള്ള വാർഷികബത്ത എന്നിവയടക്കം പരമാവധി ₹28500 വരെ നൽകാവുന്നതാണ്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അവർ പഠിക്കുന്ന ക്ലാസിന്റെ അടിസ്ഥാനത്തിൽ അർഹമായ തുക സബ്സിഡിയായി നൽകേണ്ടതാണ്. എന്നാൽ മാർഗ്ഗരേഖ പ്രകാരം സർക്കാർ നിശ്ചയിച്ച തുകയിലും കുറവാണ് വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ളത്.

2) പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (GO(MS)22/2018/LSG Dt 14-2-2018) ഖണ്ഡിക 7.1 (7) കുറിപ്പ് ഒന്ന് പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളായവരും അല്ലാത്തവരും ഏത്

തദ്ദേശഭരണ സ്ഥാപനത്തിലെ സ്ഥിരതാമസക്കാരനാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടത്. മേൽ പദ്ധതിയിലുൾപ്പെട്ട താഴെപ്പറയുന്നവരുടെ ആധാർ നമ്പറുകൾ സേവന സോഫ്റ്റ് വെയർ അപ്ലിക്കേഷൻ വച്ച് പരിശോധന നടത്തിയതു പ്രകാരം പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ ഡിസ് എബിലിറ്റി പെൻഷൻ ഗുണഭോക്താവാണ്.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | ആധാർ നം | പെൻഷൻ ഐഡി |
|---|---|---|---|
| 1 | സിൻസി മോൾ | 857797815688 | 111240400163 |

മേൽപ്പറഞ്ഞ ഗുണഭോക്താവ് പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

3) മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വാർഷികമായി വസ്ത്രങ്ങൾക്ക് 1500യും യാത്രാബത്ത ഇനത്തിൽ 12000 യും നൽകാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ഏതൊക്കെ ഇനങ്ങളിലാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളിൽനിന്നും വ്യക്തമാകാത്തതിനാൽ അർഹതപ്പെട്ട യാത്രാ ബത്തയും യൂണിഫോം അലവൻസും വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (30/03.06.22) നല്കിയ മറുപടിയിൽ ഫണ്ട് ലഭ്യമാകാത്തതിനാലാണ് മുഴുവൻ തുകയും നല്കാൻ കഴിയാതിരുന്നത് എന്നാണ് അറിയിച്ചത്. മാർഗ്ഗരേഖ പ്രകാരം സർക്കാർ നിശ്ചയിച്ചതിലും കുറഞ്ഞ തുക വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ വരും വർഷങ്ങളിൽ വിദ്യാർത്ഥികൾക്ക് അനുവദനീയമായ ആനുകൂല്യം പൂർണ്ണമായി നൽകുവാനായി ഗ്രാമ പഞ്ചായത്ത് മതിയായ ഫണ്ട് മാറ്റി വയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-22 60 വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ- അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ,പേര് | 125/21 – 60 വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ |
| അടങ്കൽ | 250000/-<br>വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | 246240/- വികസന ഫണ്ട് |
| ബിൽ നമ്പർ, തീയതി | 1/21.04.20 |

മേൽ പദ്ധതിയുടെ ഭാഗമായി 57 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചതിൽ പർച്ചേസിംഗ് കമ്മിറ്റിയുടെ ഗുണമേന്മാ പരിശോധനയെ തുടർന്ന് അസിം ഡിസൈനേഴ്സ് & എഞ്ചിനീയേഴ്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 57 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളിൽ ഉൾപ്പെട്ട രോഹിണി. കെ, കുഞ്ഞുംപിടുക്ക ഹൌസ്, കരവൂർ എന്നവർക്ക് ആധാർ രേഖ പ്രകാരം 60 വയസ്സ് തികഞ്ഞിട്ടില്ല. 60 വയസ്സ് തികയാത്തവർക്ക് ആനുകൂല്യം അനുവദിച്ചത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (31/04.06.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മാത്രം ഗുണഭോക്താക്കളുടെ തെരഞ്ഞെടുക്കൽ നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയില്ല.ചെലവ് തുക 6195 രൂപ തടസപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, |
| പ്രോജക്ട് നം / പേര് | 192/20-21ഭിന്നശേഷിക്കാർക്ക് വീൽ ചെയർ -കുറവ് വന്ന തുക ഒടുക്കൽ |
| അടങ്കൽ | 6195 (വികസന ഫണ്ട്) |
| ചെലവ് | 6195 |

| | |
|---|---|
| ബിൽ നമ്പർ,തീയതി | 15/20-21, 13.11.20 |

ഭിന്നശേഷിക്കാർക്ക് വീൽ ചെയർ വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്ത പദ്ധതി പ്രകാരം ഒരു വീൽ ചെയർ വാങ്ങുന്നതിനായി (യൂണിറ്റ് കോസ്റ്റ്-6195) മേൽ ബിൽ നമ്പർ പ്രകാരം 6195 രൂപ കെൽട്രോണിന് കൈമാറിയിട്ടുണ്ട്.

പദ്ധതി ആസൂത്രണത്തിലെയും നടത്തിപ്പിലെയും അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ആവശ്യകതാ നിർണ്ണയക്യാമ്പ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
2. ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരുടെ സ്ഥിതിവിവരകണക്കുകൾ, ഇതുവരെ വിവിധ ഏജൻസികളും തദ്ദേശസ്ഥാപനങ്ങളും വിതരണം ചെയ്ത ഉപകരണങ്ങളുടെയും ഇനി ആവശ്യമുള്ളവയുടെയും എണ്ണമുൾപ്പെടെ, പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഉപകരണം ഉള്ളവർക്കുതന്നെ അതേ ഉപകരണം വീണ്ടും നൽകപ്പെടാതിരിക്കാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല.
3. കെൽട്രോൺ ലഭ്യമാക്കിയ ഇൻവോയിസ് (925/31.03.20)പ്രകാരം വീൽ ചെയർ യൂണിറ്റ് കോസ്റ്റ് 6195 രൂപ യാണ്.എന്നാൽ ഓഡിറ്റ് തിയ്യതി വരെയും സാധനങ്ങൾ ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല. സാധനങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.
4.ചെലവ് തുകയുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (21/02.06.22) പ്രസ്തുത സ്പെസിഫിക്കേഷനിലുള്ള സ്റ്റോക്ക് തീർന്നതിനാലാണ് വീൽ ചെയർ ലഭ്യമാക്കാതിരുന്നതെന്ന് കെൽട്രോണിൽ നിന്നും അറിയിപ്പ് ലഭിച്ചതെന്നാണ് മറുപടി നല്കിയത്. ആയത് ലഭ്യമാക്കി വിതരണ വിവരം അറിയിക്കേണ്ടതാണ്.ചെലവ് തുക 6195രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 ബാലസഭ പ്രവർത്തനം-വിദ്യാർത്ഥികൾക്ക് മിനി ലൈബ്രറി സ്ഥാപിക്കൽ അപാകതകൾ -160544/- രൂപ തടസ്സപ്പെടുത്തുന്നു.

കൗമാരക്കാരായ കുട്ടികളുടെ ബൗദ്ധികവും വൈകാരികവുമായ കഴിവുകളുടെയും ഭാവനയുടെയും വികാസം ലക്ഷ്യം വെച്ചു കൊണ്ട് പഞ്ചായത്തിലെ അഞ്ച് വാർഡുകൾ കേന്ദ്രീകരിച്ച് മിനി ലൈബ്രറികൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ളതാണ് ഈ പദ്ധതി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവ് (ചെക്ക് നം,ബിൽ നം/തീയതി) |
|---|---|---|---|
| 1 | ബാലസഭ പ്രവർത്തനം-വിദ്യാർത്ഥികൾക്ക് മിനി ലൈബ്രറി സ്ഥാപിക്കൽ 58/21 | 100000/- (100000 – മെയിന്റനൻസ് ഫണ്ട് റോഡിതരം) | 8/20-21 തീയതി 18.09.2020-38472<br>12/20-21 തീയതി 12.10.2020-61036<br>ആകെ-99508/- |
| 2 | ബാലസഭ പ്രവർത്തനം-വിദ്യാർത്ഥികൾക്ക് മിനി ലൈബ്രറി സ്ഥാപിക്കൽ S0133/21 (സ്പിൽ ഓവർ) | 61528( – വികസന ഫണ്ട്-പൊതു വിഭാഗം) | 61036/- (വികസന ഫണ്ട്) 3/20-21 തീയതി 21.04.2020 |

ക്രമ നമ്പർ 1-ലെ പ്രൊജക്ട് പ്രകാരം 38472/- രൂപ ചെലവഴിച്ച് കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്ന് 84 പുസ്തകങ്ങളും, 61036/- രൂപ ചെലവഴിച്ച് KADCO യില് നിന്ന് 5 സ്റ്റീൽ അലമാരകളും (@12207.2 / യൂണിറ്റ്) വാങ്ങിയിട്ടുണ്ട് . ക്രമ നമ്പർ 2 പ്രകാരം 61036/- രൂപ ചെലവഴിച്ച് KADCO യിൽ നിന്ന് 5 സ്റ്റീൽ അലമാരകൾ (@12207.2 / യൂണിറ്റ്) വാങ്ങിയിട്ടുണ്ട് . മേൽ 2 പ്രൊജക്ടുകളിലേയും അപാകതകൾ സബന്ധിച്ച വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1.മേൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല .
2.മേൽ സാധനങ്ങൾ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല .
3. മിനി ലൈബ്രറികൾ സ്ഥാപിച്ചതിന്റെ തെളിവുകൾ ഹാജരാക്കിയിട്ടില്ല

4. പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
5. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
6.സർക്കാർ ഉത്തരവ് (കൈ)നം22/2018/തസ്വഭവ തീയതി 14/2/2018 ഖണ്ഡിക 7.6.17 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭാപ്രവർത്തനങ്ങൾക്ക വേണ്ടി ഗ്രാമപഞ്ചായത്തുകൾ വാർഡ് ഒന്നിന്ന 1000 രൂപ വീതവും പഞ്ചായത്ത് തല പ്രവർത്തനങ്ങൾക്ക് 40000 രൂപയുമാണ് ചെലവഴിക്കാവുന്നത്. ഈ സാഹചര്യത്തിൽ പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിൽ അഞ്ചു വാർഡുകളിലായി സ്ഥാപിച്ച മിനിലൈബ്രറികൾക്കായി ആകെ ചെലവഴിക്കാവുന്ന തുക 45000/-രൂപ മാത്രമാണ്. എന്നാൽ തൻ വർഷ പ്രൊജക്ട് പ്രകാരം 54508 (99508-45000) രൂപയും സ്പിൽ ഓവർ പ്രൊജക്ട് പ്രകാരം 16036 (61036-45000) രൂപയും മാർഗരേഖയ്ക്ക വിരുദ്ധമായി ചെലവഴിച്ചിട്ടുണ്ട്.
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (26/03.06.22) ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മതിയായ രേഖകളുടെ അഭാവത്തിലും മാർഗ്ഗരേഖക്ക് വിരുദ്ധമായതിനാലും മേൽ പ്രോജക്ടുകൾ പ്രകാരമുള്ള ₹160544/-യുടെ ചെലവ് (₹99508+₹61036) തടസ്സപ്പെടുത്തുന്നു.

## 1-25 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി ചെലവഴിച്ച മുഴുവൻ തുകയുടേയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| പ്രൊജക്ട് നം | 52/21 |
| അടങ്കൽ | 10,50,000/-<br>(വികസന ഫണ്ട് - 525000 ,<br>മറ്റുള്ളവ – 525000) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 20190552011101121189/20-21<br>തീയതി 21.02.2021 -525000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (15/31.05.22) ലഭ്യമാക്കിയ മറുപടിയിൽ 419914.50/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി വരുന്ന 105085.50 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് ആയത് ഹാജരാക്കേണ്ടതാണ്.

## 1-26 കെൽട്രോണിന് 254രൂപ അധികം നൽകി

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| പ്രോജക്ട് നമ്പർ | S00105/21 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹ 40,000 വികസന ഫണ്ട് |
| ചെലവഴിച്ച തുക | ₹ 30,258 |
| ബിൽ നമ്പർ , തീയ്യതി | 14/12-03-2021 |

മേൽ സൂചിപ്പിച്ചതു പ്രകാരം പി.എച്ച്.സിയിലേക്ക് സി.പി.ആർ.സി.എസ്. പോർട്ടൽ മുഖേന ഒരു ഡെസ്ക് ടോപ് കമ്പ്യൂട്ടർ വാങ്ങുന്നതിന് ₹ 30,258 കെൽട്രോണിന് മുൻകൂറായി കൈമാറിയിട്ടുണ്ട്. കെൽട്രോൺ കമ്പ്യൂട്ടറിനോടൊപ്പം ലഭ്യമാക്കിയ ഇൻവോയിസ് പ്രകാരം 30004 രൂപയാണ് കമ്പ്യൂട്ടറിന്റെ വില. അതുപ്രകാരം ₹ 254 അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഇൻവോയിസ് നമ്പർ | ITP/07390/21-22/17-11-2021 |
| ഡെസ്ക് ടോപിന്റെ വില | 24449.15 |

| | |
|---|---|
| ജി.എസ്.റ്റി (2288.44X 2) | 4576.88 |
| ട്രാൻസ്പോർട്ടേഷൻ ചാർജ് | 977.97 |
| ആകെ | 30004 |
| നൽകിയ തുക | 30258 |
| അധികം നൽകിയത് | 254 |

അധികം നൽകിയ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-23/02-06-22) മറുപടിയിൽ നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 സാന്ത്വന പരിചരണ പദ്ധതി- അവലോകനം

പാലിയേറ്റീവ് കെയർ നയരേഖ പ്രസിദ്ധീകരിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. 2009ലാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തേണ്ടതെങ്ങനെയെന്ന് വിശദമാക്കിക്കൊണ്ടുള്ള ആദ്യത്തെ മാർഗ്ഗ രേഖ തദ്ദേശ സ്വയം ഭരണ വകുപ്പ് പുറത്തിറക്കിയത്. 2012ൽ പാലിയേറ്റീവ് പരിചരണ പദ്ധതി നിർബ്ബന്ധിത പദ്ധതിയാക്കിക്കൊണ്ട് മാർഗ്ഗ രേഖ പരിഷ്കരിച്ചു. വിദഗ്ധ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി 2015ൽ വീണ്ടും മാർഗ്ഗ രേഖ പരിഷ്കരിച്ചിരുന്നു. പ്രസ്തുത മാർഗ്ഗ രേഖ സമഗ്രമായി പരിഷ്കരിച്ചു കൊണ്ട് 07-03-2019ലെ സ.ഉ. (സാധാ) നമ്പർ-553/2019/ ത.സ്വ.ഭ.വ നമ്പറായി പുറപ്പെടുവിച്ച മാർഗ്ഗ രേഖ പ്രകാരമാണ് ഇപ്പോൾ സംസ്ഥാനത്ത് സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്.

പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ സംവിധാനം പരിശോധനാ വിധേയയമാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത നില നിൽക്കുന്നുവെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

സാന്ത്വന പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണ ഉദ്യോഗസ്ഥനായി ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷത്തിൽ താഴെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0073/21 |
| പ്രോജക്റ്റിന്റെ പേര് | സാന്ത്വന പരിചരണം |
| അടങ്കൽ | ₹ 800000 വികസന ഫണ്ട്- ₹4,50,000, ജില്ലാ പഞ്ചായത്ത് വിഹിതം- ₹3,50,000 |
| ചെലവഴിച്ച തുക | ₹ 397261 വികസന ഫണ്ട് |

സാന്ത്വന പരിചരണ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽ പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

### പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടില്ല

മാർഗ്ഗ രേഖ ഖ. 2.9.2 അനുസരിച്ച് പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രണ്ടു മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറി കടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. ഓരോ മാസത്തേയും പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാ മൂലം അംഗീകരിച്ച് അംഗീകാരം നേടേണ്ടതാണ്. എന്നാൽ പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിലെ പി.എം.സി. 2020-21 വർഷത്തിൽ ഒരു തവണ പോലും യോഗം ചേരുകയുണ്ടായില്ല. ഇത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

### വാർഡ് തല പ്രവർത്തനങ്ങൾ സജീവമാക്കണം

മാർഗ്ഗരേഖ ഖ.2.2.3 പ്രകാരം പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകരുടെ സംഘം ഓരോ വാർഡിലും രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരം സംഘം രൂപീകരിച്ചിട്ടില്ല.

### പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടില്ല

മാർഗ്ഗ രേഖ ഖ.2.3.1ൽ നിർദ്ദേശിച്ച പ്രകാരം സബ് സെന്റർ തലത്തിൽ ജീവിത ശൈലി മാറ്റങ്ങൾക്കാവശ്യമായ ക്ലാസുകളും പരിശീലന പരിപാടികളും നടത്തിയതായി കാണുന്നില്ല. കൂടാതെ ഖ.2.4.5ൽ നിർദ്ദേശിച്ച പ്രകാരം ഹോം കെയർ ടീമിലെ അംഗങ്ങൾക്ക് പ്രത്യേക പ്രായോഗിക പരിശീലനവും നൽകിയിട്ടില്ല.

### പ്രാദേശിക വിഭവ സമാഹരണത്തിനുള്ള ഉദ്യമങ്ങൾ നടത്തിയിട്ടില്ല

ഖ. 2.12.1ൽ ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും നടപ്പാക്കുന്നതിന് പ്രാദേശിക വിഹിതം സമാഹരിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം വിഭവ സമാഹരണം നടത്തുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാല താമസം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് ഓരോ അർദ്ധ വർഷവും അവസാനിച്ച് 30 ദിവസത്തിനകം ലൈബ്രറി കൗൺസിലിൽ ഒടുക്കണമെന്ന നിർദ്ദേശം (സർക്കുലർ നമ്പർ 17263/എൽ.3/ ത.സ്വ.ഭ.വ/29-12-2000) ഗ്രാമ പഞ്ചായത്ത് പാലിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അർദ്ധ വർഷം | വൗച്ചർ നമ്പർ<br>തീയ്യതി, തുക | രസീത് നമ്പർ ,<br>തീയ്യതി |
|---|---|---|
| 2019-20 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 22000548/12-10-2020 | 32234/9-11-20<br>കേരള ഗ്രന്ഥശാലാ സംഘം, തിരുവനന്തപുരം |

ലൈബ്രറി സെസ് യഥാ സമയം ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ഐ.കെ.എം ന് കൈമാറിയ തുക -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

2020-21 വർഷം പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നമ്പർ, തീയ്യതി |
|---|---|---|---|---|
| S002/21 | ഐ.കെ.എം. ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ | 98933<br>വികസന ഫണ്ട് സാധാരണ വിഹിതം | 98933 | 24/28-10-20 /98933 |

വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-30 സ്ഥലം മാറ്റ യാത്രാ ബത്ത- ടാക്സി ചാർജ് ഇനത്തിൽ 1150രൂപ അധികം അനുവദിച്ചു.തുക തിരികെ ഈടാക്കേണ്ടതാണ്.

11-09-2017ലെ സ.ഉ. (അ) 121/2017/ ധന നമ്പർ ഉത്തരവ് അനുസരിച്ച് ഒരു യാത്രയ്ക്ക് പരമാവധി 15 കിലോ മീറ്ററിനു വിധേയമായി ഒരു ദിവസം നൽകാവുന്ന പരമാവധി ടാക്സി ചാർജ് 300 രൂപയാണ്. എന്നാൽ പടിയൂർ കല്ല്യാട് ഗ്രാമ പഞ്ചായത്തിൽ രാജൻ കെ, ജൂനിയർ സൂപ്രണ്ട് എന്നവർക്ക് പരിധി മറി കടന്ന് സ്ഥലം മാറ്റ യാത്രാപ്പടി അനുവദിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ 22000321/21-08-2020 ആകെ തുക-163272) വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| യാത്ര ചെയ്ത തീയ്യതി, സമയം | യാത്രയുടെ വിശദാംശം | ദൂരം (ടാക്സി രസീതി പ്രകാരം) | അനുവദനീയ തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 4-08-2019 5 പി.എം. മുതൽ 5-45 പി.എം. വരെ | താമസ സ്ഥലം (തഴവയിലുള്ള വീട്ടിൽ നിന്നും)- കരുനാഗപ്പള്ളി റെയിൽവേ സ്റ്റേഷൻ | 12 കി.മീ | 300 | 450 | 150 |

| | | | | | |
|---|---|---|---|---|---|
| 5-8-2019 9എ.എം- 11എ.എം | കണ്ണൂർ- പടിയൂർ | 40 | 300 | 1300 | 1000 |
| ആകെ 1150രൂപ | | | | | 1150 |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അനുവദിച്ച അധിക തുക 1150/- രൂപ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-31 തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | S0162/21 |
| പ്രോജക്റ്റിന്റെ പേര് | തെരുവ് വിളക്കുകളുടെ പരിപാലനം- എ.എം.സി. വയ്ക്കൽ |
| അടങ്കൽ | 133342 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവഴിച്ച തുക | 133316 |
| ബിൽ നമ്പർ, തീയ്യതി | 9/20-08-20 |

മേൽ സൂചിപ്പിച്ചു പ്രകാരം 2020-21 വർഷം പടിയൂർ കല്യാട് പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ റിപ്പയർ ഇനത്തിൽ 133316 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ കൃത്യമായ കണക്കുകൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചതായി കാണുന്നില്ല. വാർഡ് മെമ്പർമാരുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.പ്രവർത്തന ക്ഷമമായ തെരുവ് വിളക്കുകൾ സംബന്ധിച്ച് ഇതേ വരെ സംസ്ഥാന വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവ് വിളക്കുകൾ മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറുന്നതിനുള്ള നടപടികൾ നടന്നു വരികയാണ് എന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. തെരുവ് വിളക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 വാട്ടർ ടാപ്പുകൾ- സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിൽ 16 വാട്ടർ ടാപ്പുകൾക്ക് 7000 രൂപ പ്രതിമാസ നിരക്കിൽ വെള്ളക്കരം ഒടുക്കി വരുന്നുണ്ട്. എന്നാൽ പ്രവർത്തന ക്ഷമമായ ടാപ്പുകൾ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി നമ്പർ-36/6-6-2022) മറുപടിയിൽ നിരവധി തവണ ആവശ്യപ്പെട്ടിട്ടും ജല അതോറിറ്റി ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടില്ല എന്നാണ്. സംയുക്ത പരിശോധന നടത്തുന്നന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല.

2020-21 വർഷം പടിയൂർ കല്ലിയാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുയിലൂർ പെടയങ്ങോട് വാർഡുകളിൽ കുടി വെള്ള പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 3407300 രൂപ കേരള ജല അതോറിറ്റിക്ക് (വാട്ടർ സപ്ലൈ ഡിവിഷൻ തളിപ്പറമ്പ്) കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നമ്പർ, തീയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| S00131/21 | കുയിലൂർ പെടയങ്ങോട് വാർഡുകളിൽ കുടി വെള്ള പൈപ്പ് ലൈൻ നീട്ടൽ | 3407332 (ധനകാര്യ കമ്മീഷൻ അവാർഡ്-407332, ജില്ലാ പഞ്ചായത്ത് വിഹിതം-3000000) | 3407300 (ധനകാര്യ കമ്മീഷൻ-407300, ജില്ലാ പഞ്ചായത്ത് വിഹിതം-3000000 | 3/28-6-20/ 3000000 2/11-5-20/ 407300 |

നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനായി ജല അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (5/30.05.2022) പഞ്ചായത്ത് മറുപടി നൽകിയത്. വിനിയോഗ സാക്ഷ്യ പത്രം/പൂർത്തീകരണ സാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-34 വാഹന ഉപയോഗം- അപാകങ്ങൾ

പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 2020-21 വർഷത്തിൽ ഒരു വാഹനമായിരുന്നു ഉണ്ടായിരുന്നത് (2017 മോഡൽ Mahindra Xylo കാർ (KL-59-R-4998) 2021-22ൽ ഹരിത കർമ്മസേനയുടെ ആവശ്യത്തിലേക്കായി ഒരു മാരുതി സുസുകി ട്രക്ക് കൂടി വാങ്ങിയിട്ടുണ്ട്. പഞ്ചായത്തിലെ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

30-06-2007ലെ സ.ഉ (എം.എസ്.) 170/07 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി നിർബന്ധമായും സൂക്ഷിക്കേണ്ടതായ താഴെ ചേർക്കും പ്രകാരമുള്ള രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

(1) റിപ്പയർ രജിസ്റ്റർ

(2) സ്റ്റോക്ക് രജിസ്റ്റർ

(3) ഫ്യുവൽ രജിസ്റ്റർ

മേൽ പരാമർശിച്ച ഉത്തരവിന്റെ ഖണ്ഡിക 4 അനുസരിച്ച് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ വാഹനവുമായി ബന്ധപ്പെട്ട് ചെലവായ തുകയെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ഒരു റിപ്പോർട്ട് സമർപ്പിച്ചിരിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ കഴിഞ്ഞ അർദ്ധ വർഷത്തിൽ വാഹനം ഓടിയ ദൂരം കിലോ മീറ്ററിൽ കാണിച്ചിരിക്കേണ്ടതുമാണ്. എന്നാൽ പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിൽ ഈ നിർദ്ദേശവും പാലിച്ചതായി കാണുന്നില്ല.

പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 9 പ്രകാരം കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിക്കണമെന്നും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന ബോധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്തിൽ ഇത്തരത്തിൽ പരിശോധന നടത്തിയതായും കാണുന്നില്ല.

ഉത്തരവിന്റെ ഖണ്ഡിക 16-ൽ നിർദ്ദേശിച്ച പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾ ടാങ്കിൽ ഇന്ധനം നിറച്ചതിന് ശേഷം ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥയും പാലിക്കപ്പെട്ടതായി കാണുന്നില്ല.

അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക പഞ്ചായത്തിന് തിരികെ ലഭ്യമാക്കേണ്ടതാണ്

ഇ- ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫീസ് LSGD വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക പഞ്ചായത്തിന് ലഭിക്കേണ്ടതാണ്. ആയതിന് അസി.എഞ്ചിനീയരുടെയുടെ പേരിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. 2020-21 വർഷത്തിൽ ഈ ഇനത്തിൽ പഞ്ചായത്തിന് ആകെ 13 പ്രവൃത്തികളിലായി 60424 ലഭിക്കുവാനുണ്ടെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 3 തീയതി 29/5/2022ന് മറുപടി നൽകിയിട്ടുണ്ട്. തുക ലഭ്യമാക്കാനുള്ള നടപടികൾ ഊർജിതപ്പെടുത്തേണ്ടതാണ്.

## 1-36 കരാറുകാരന് തുക അനുവദിച്ചതിൽ അപാകത,അധികമായി അനുവദിച്ച തുക 390 രൂപ തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ | 128/2020-21 SO |

| | |
|---|---|
| പേര് | അഡീഷണൽ കൺസ്ട്രക്ഷൻ ഫോർ ബ്ലാത്തൂർ സബ് സെന്റർ |
| എസ്‌റ്റിമേറ്റ് തുക | 850000 |
| പി എ സി തുക | 769124 |
| ഫണ്ടിനം | മെയിന്റയിനൻസ് ഫണ്ട് (റോഡിതരം) |
| കരാർ നമ്പർ | AE/LSGD/PAD/35/19-20 തീയതി 26/12/19 |
| കരാറുകാരന്റെ പേര് | മനോഹരൻ .വി |
| ബിൽ നമ്പർ,തീയതി,തുക | 2010601390997/27.03.2021 – 325358 |
| എം ബുക്ക് നമ്പർ | 35/19-20 1&2 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ,<br>പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്ത് |

മേൽ പ്രവൃത്തിയുടെ എം ബുക്ക് പേജ് 83 പ്രകാരം ആകെ പ്രവൃത്തിമൂല്യം 595633.85 രൂപയാണ്. പാർട്ട് ബിൽ പ്രകാരം 312502രൂപ പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുണ്ട്. ബാക്കി 283131.85 രൂപ പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ബിൽ തയ്യാറാക്കുന്നതിനു പകരം 283522 രൂപ പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ബിൽ തയ്യാറാക്കിയിട്ടുണ്ട്. ഈയിനത്തിൽ 390 രൂപ (283522 -283131.85) അധികം നൽകിയിട്ടുണ്ട്.ആയത് കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നമ്പർ 2/28/5/2022 പ്രകാരം അറിയിച്ചതിന് മറുപടിയായി തുക ഈടാക്കി ഒടുക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-37 കാലാവധിനീട്ടി നൽകിയിട്ടും സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.പിഴ ഈടാക്കേണ്ടതാണ്

1)

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ | 111/21 (SO) |
| പ്രൊജക്ടിന്റെ പേര് | ചുങ്കസ്ഥാനം തെയ്യത്താംകരി റോഡ് ടാറിംഗ് |
| എസ്‌റ്റിമേറ്റ് തുക | 1235000 |
| പി എ സി തുക | 1234636 |
| ഫണ്ടിനം | മെയിന്റയിനൻസ് ഫണ്ട് (റോഡ്) |
| കരാർ നമ്പർ | AE/LSGD/PAD/10/19-20 തീയതി 17/10/2019 |
| കരാറുകാരന്റെ പേര് | എം.ശശിധരൻ |
| ബിൽ നമ്പർ,തീയതി,തുക | 201060005112511/11.04.2020 ₹1172755 |
| എം ബുക്ക് നമ്പർ | 38/19-20 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ,പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്ത് |

കരാർ നമ്പർ AE/LSGD/PAD/10/19-20 തീയതി 17/10/19 പ്രകാരം ആറുമാസകാലാവധിക്കുള്ളിൽ (26/6/2020നകം) പൂർത്തിയാക്കേണ്ടുന്ന പ്രവൃത്തി 3/3/2021 മാത്രമാണ് പൂർത്തീകരിച്ചതായി കാണുന്നത്.കോവിഡ് ലോക്ക് ഡൗൺ സാഹചര്യത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ആറുമാസം കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടും പ്രസ്തുത സമയത്തിനകവും പ്രവൃത്തി പൂർത്തിയാക്കിയതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ആയതിനു കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 212 പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി അറിയിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ 1/28.05.2022) മറുപടിയായി തുക ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2)

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പർ | 128/2020-21 (SO) |
| പേര് | അഡീഷണൽ കൺസ്ട്രക്ഷൻ ഫോർ ബ്ലാത്തൂർ സബ് സെന്റർ |
| എസ്റ്റിമേറ്റ് തുക | 850000 |
| പി എ സി തുക | 769124 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| കരാർ നമ്പർ | AE/LSGD/PAD/35/19-20 തീയതി 26/12/19 |
| കരാറുകാരന്റെ പേര് | മനോഹരൻ .വി |
| സെലക്ഷൻ നോട്ടീസ് | നമ്പർ ഇല്ല തീയതി 6/12/19 |
| ബിൽ നമ്പർ,തീയതി,തുക | 2010601390997/27.03.2021 – 325358/- രൂപ |
| എം ബുക്ക് നമ്പർ | 35/19-20 1&2 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ, പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്ത് |

കരാർ നമ്പർ AE/LSGD/PAD/35/19-20 തീയതി 26/12/19 പ്രകാരം ആറുമാസകാലാവധിക്കുള്ളിൽ (26/6/2020നകം) പൂർത്തിയാക്കേണ്ടുന്ന പ്രവൃത്തി വീണ്ടും 8 മാസം കഴിഞ്ഞ് 3/3/2021 ന് മാത്രമാണ് പൂർത്തീകരിച്ചതായി കാണുന്നത്. കോവിഡ് സംബന്ധിച്ച ആറുമാസത്തെ ഇളവുകൾ മാത്രം നല്കി ബാക്കി ദിവസങ്ങൾക്ക് പിഴ ഈടാക്കേണ്ടതാണ്.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി (നം. 2/28.05.2022) പ്രകാരം അറിയിച്ചതിന് മറുപടിയായി തുക ഈടാക്കി ഒടുക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിലെ അപാകതകൾ-1700രൂപ വരവ് നഷ്ടം

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017-ലെ ചട്ടം 18, 19 പട്ടിക-III-ൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ട മോട്ടോർ റണ്ണിങ്ങ് ഫീസ് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന്മോട്ടോർ റണ്ണിങ്ങ് ഫീസ് ഈടാക്കിയിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | കെട്ടിട നമ്പർ | ഈടാക്കേണ്ട മോട്ടോർ റണ്ണിങ്ങ് ഫീസ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | വിദ്യ എം | ഫ്ലോർമിൽ | l4/174 | 100 | സ്ഥാപനത്തിൽ 10 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 2 | കട്ടിയമ്മ സെബാസ്റ്റ്യൻ | റൈസ് മിൽ | 4/381 | 100 | സ്ഥാപനത്തിൽ 10 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 3 | സുധീഷ് കെ | എഞ്ചിനീയറിംഗ് വർക്സ് | 2/364b | 100 | സ്ഥാപനത്തിൽ 10 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 4 | ഗിരിജ പി വി | ഓയിൽ മിൽ | 9/106 | 300 | സ്ഥാപനത്തിൽ 25 HP പവർ ഉള്ള മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് മോട്ടോർ റണ്ണിങ് ഫീസ് 300 രൂപ ഈടാക്കിയിട്ടില്ല. |
| 5 | വി എം തങ്കപ്പന് | ഓയിൽ മിൽ | 9/347 | 300 | സ്ഥാപനത്തിൽ 25 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 6 | വി എം തങ്കപ്പന് | വെൽഡിംഗ് വർക്സ് | 9/107 | 200 | സ്ഥാപനത്തിൽ 14.5 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 7 | ടിജെ ഫ്രാൻസിസ് | ഈർച്ചമിൽ | 8/204 | 300 | സ്ഥാപനത്തിൽ 24.5 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 8 | ശ്രേയസ് ന്യൂട്ടരിമിക്സ് | ന്യൂട്രിമിക്സ് നിർമ്മാണം | 8/205 | 100 | സ്ഥാപനത്തിൽ 10 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 9 | കാർത്യായനി കെപി | ഹോളോബ്രിക്സ് നിർമാണം | 12/240a | 100 | സ്ഥാപനത്തിൽ 8.5 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 10 | ടിജെ ഫ്രാൻസിസ് | റൈസ് മിൽ | 8/205 | 100 | സ്ഥാപനത്തിൽ 10 HP മോട്ടോർ ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| | | | ആകെ തുക | 1700 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11 തീയതി 30.05.2022) മറുപടിയായി മേൽ പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയിട്ടുള്ള മോട്ടോർ റണ്ണിങ് ഫീസിൽ കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക 1700 രൂപ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്ഥലംമാറ്റ യാത്രാബത്ത ടാക്സി ചാർജ് ഇനത്തിൽ 1150രൂപ അധികം അനുവദിച്ചു.തുക തിരികെ ഈടാക്കേണ്ടതാണ്.

11-09-2017ലെ സ.ഉ. (അ) 121/2017/ ധന നമ്പർ ഉത്തരവ് അനുസരിച്ച് ഒരു യാത്രയ്ക്ക് പരമാവധി 15 കിലോ മീറ്ററിനു വിധേയമായി ഒരു ദിവസം നൽകാവുന്ന പരമാവധി ടാക്സി ചാർജ് 300 രൂപയാണ്. എന്നാൽ പടിയൂർ കല്ല്യാട് ഗ്രാമ പഞ്ചായത്തിൽ രാജൻ കെ, ജൂനിയർ സൂപ്രണ്ട് എന്നവർക്ക് പരിധി മറി കടന്ന് സ്ഥലം മാറ്റ യാത്രാപ്പടി അനുവദിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ 22000321/21-08-2020 ആകെ തുക-163272) വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| യാത്ര ചെയ്ത തീയ്യതി, സമയം | യാത്രയുടെ വിശദാംശം | ദൂരം (ടാക്സി രസീതി പ്രകാരം) | അനുവദനീയ തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 4-08-2019 5 പി.എം. മുതൽ 5-45 പി.എം. വരെ | താമസ സ്ഥലം (തഴവയിലുള്ള വീട്ടിൽ നിന്നും)- കരുനാഗപ്പള്ളി റെയിൽവേ സ്റ്റേഷൻ | 12 കി.മീ | 300 | 450 | 150 |
| 5-8-2019 9എ.എം- 11എ.എം | കണ്ണൂർ- പടിയൂർ | 40 | 300 | 1300 | 1000 |
| ആകെ 1150രൂപ | | | | | 1150 |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അനുവദിച്ച അധിക തുക 1150/- രൂപ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

### 3-2 കരാറുകാരന് തുക അനുവദിച്ചതിൽ അപാകത,അധികമായി അനുവദിച്ച തുക 390 രൂപ തിരികേ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ | 128/2020-21 SO |
| പേര് | അഡീഷണൽ കൺസ്ട്രക്ഷൻ ഫോർ ബ്ലാത്തൂർ സബ് സെന്റർ |
| എസ്റ്റിമേറ്റ് തുക | 850000 |
| പി എ സി തുക | 769124 |
| ഫണ്ടിനം | മെയിന്റയിനൻസ് ഫണ്ട് (റോഡിതരം) |

| | |
|---|---|
| കരാർ നമ്പർ | AE/LSGD/PAD/35/19-20 തീയതി 26/12/19 |
| കരാറുകാരന്റെ പേര് | മനോഹരൻ .വി |
| ബിൽ നമ്പർ,തീയതി,തുക | 2010601390997/27.03.2021 – 325358 |
| എം ബുക്ക് നമ്പർ | 35/19-20 1&2 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ,<br>പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്ത് |

മേൽ പ്രവൃത്തിയുടെ എം ബുക്ക് പേജ് 83 പ്രകാരം ആകെ പ്രവൃത്തിമൂല്യം 595633.85 രൂപയാണ്. പാർട്ട് ബിൽ പ്രകാരം 312502രൂപ പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുണ്ട്. ബാക്കി 283131.85 രൂപ പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ബിൽ തയ്യാറാക്കുന്നതിനു പകരം 283522 രൂപ പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ബിൽ തയ്യാറാക്കിയിട്ടുണ്ട്. ഈയിനത്തിൽ 390 രൂപ (283522-283131.85) അധികം നൽകിയിട്ടുണ്ട്. ആയത് കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നമ്പർ (2/28.05.2022) പ്രകാരം അറിയിച്ചതിന് മറുപടിയായി തുക ഈടാക്കി ഒടുക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സാക്ഷ്യപത്രം നൽകുന്നതിനായി കണക്കുകൾ പരിശോധിച്ച തീയതി | സാക്ഷ്യപത്രം നൽകിയതിന്റെ നമ്പർ/ തീയതി |
|---|---|---|
| 2020-21 | 1/6/2022 | കെ.എസ്.എ/കെ.എൻ.ആർ/സി.13/818/2022. തീയതി: 21.06.2022 |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | പ്രൊജക്ടിന്റെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | കരനെൽകൃഷി 178/21 | 0 | 61200 | 61200 | 0 |
| “ | തരിശുഭൂമിയിൽ പച്ചക്കറികൃഷി 137/21 | 0 | 97300 | 97300 | 0 |
| “ | തരിശുനില നെൽകൃഷി 177/21 | 0 | 171710 | 171710 | 0 |
| “ | നെൽകൃഷി കൂലിചെലവ് | 0 | 495000 | 495000 | 0 |

| | | | | | |
|---|---|---|---|---|---|
| | സബ്സിഡി 33/21 | | | | |
| “ | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 127/21 | 0 | 400000 | 400000 | 0 |
| “ | മിനി ആട് വളർത്തൽ യൂണിറ്റ് 138/21 | 0 | 50000 | 50000 | 0 |
| “ | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 55/21 | 0 | 200000 | 199988 | 12 |
| “ | കയിലൂർ പെടയങ്ങാട് വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ 131/21 | 0 | 3000000 | 3000000 | 0 |
| “ | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ 16/21 | 0 | 2500000 | 2500000 | 0 |
| “ | ലൈഫ് ഭവനപദ്ധതി 164/21 | 0 | 520000 | 520000 | 0 |
| “ | ലൈഫ് ഭവനപദ്ധതി-പട്ടികവർഗം 169/21 SO | 0 | 1450000 | 1450000 | 0 |
| | ആകെ | | 8945210 | 8945198 | 12 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 55/21 | 0 | 100000 | 100000 | 0 |
| “ | ക്ഷീരസംഘങ്ങളിലെ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 75/21 | 0 | 170000 | 170000 | |
| “ | എസ്.ടി ബഡൽ സ്കൂളിന് ചുറ്റുമതിൽ നിർമാണം 129/21 SO | 0 | 419789 | 419789 | |
| | ആകെ | | 689789 | 689789 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ട് വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നംപർ തീയതി | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കയിലൂർ പെയങ്ങോട് വാർഡുകളിൽ കുടിവെള്ള പൈപ്പ് നീട്ടൽ | 20190552010500139009 7/5/20 | 407300 | 407300 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 3407300 |
| | | 20190552010500169385 16/5/20 | 3000000 | 3000000 | | |
| | | ആകെ തുക | 3407300 | 3407300 | | |
| | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 20190552010500840414 18/12/20 | 3430000 | 3430000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് | 5930000 |
| | | 20190552010500937446 13/1/21 | 2500000 | 2500000 | | |
| | | ആകെ തുക | 5930000 | 5930000 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നംപർ | പദ്ധതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കി തുക | ഓഡിറ്റ് വർഷം എടുത്ത വായ്പ | ഓഡിറ്റ് വർഷം തിരിച്ചടവ് തുക | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|
| 1 | ഹഡ്കോ വായ്പ 34/18 തീയതി 16/3/2018 | 17202574 | 16276103 | 0 | 921530 | 15354573 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 10000 |
| തൻ വർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തൻ വർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ബി ക്ലാസ് ഷെയർ നമ്പർ 123, സർട്ടിഫിക്കറ്റ് നംപർ 4443-13/5/2005.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീതി നംപർ തീയതി |
|---|---|---|---|---|
| 2017-18 | 3-1 | 9600 | ഗോപി എ.പി., | 120020101551 |

| | | | | |
|---|---|---|---|---|
| | | | അപ്ലയിൽ ഹൗസ്, പടിയൂർ പി.ഒ. | 18-11-2020 |
| ആകെ തുക | | 9600രൂപ | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2014-2015 | 3-1 | 2016-2017 | | വസ്തുനികുതി | നിലനിൽക്കുന്നു. |
| 2015-2016 | 2-1 | 2016-2017 | | വസ്തുനികുതി | നിലനിൽക്കുന്നു. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72200362 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 70508653 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1540 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 223289 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 (1-16) | 1700 | | ശ്രീ.അനിൽ രാമകൃഷ്ണൻ, സെക്രട്ടറി,പടിയൂർകല്യാട് ഗ്രാമ പഞ്ചായത്ത് |
| 3-1 (1-30) | | 1150 | ശ്രീ.അനിൽ രാമകൃഷ്ണൻ സെക്രട്ടറി, പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്ത് |
| 3-2 (1-36) | | 390 | ശ്രീ.ജ്യോതിഷ്ബാബു.കെ.ആർ , അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 1700 | 1540 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 56550 | ശ്രീമതി,ദീപ തോമസ്,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-23 | 6195 | ശ്രീമതി.ദീപ തോമസ്,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-24 | 160544 | ശ്രീമതി.ദീപ തോമസ്,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| ആകെ തുക | 223289 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം |
|---|---|---|
| 1-6-1 | 178806 | ജി എസ് ടി |
| ആകെ തുക | 178806 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനിൽ രാമകൃഷ്ണൻ | സെക്രട്ടറി,<br>മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് | മനാലി ഹൗസ്<br>ഐ ടി സി റോഡ്<br>വെള്ളൂന്നി,<br>കേളകം പി ഒ |
| ശ്രീ.ജ്യോതിഷ്ബാബു.<br>കെ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ഉളിക്കൽ ഗ്രാമപഞ്ചായത്ത് | കണ്ണിത്തോട്ടത്തിൽ<br>ഹൗസ്<br>ചെക്കിക്കുളം പി ഒ<br>കണ്ണൂർ |
| ശ്രീമതി.ദീപ തോമസ് | ഐ സി ഡി എസ്<br>സൂപ്പർവൈസർ | അമ്പലക്കുന്നേൽ<br>ഉളിക്കൽ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 13 |
| 2003-04 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 1 |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ/സി4/2078 /17 തീയതി 09-04-2018 | 2 |
| 2005-06 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 | 2 |

| | | |
|---|---|---|
| | /17 തീയതി 09-04-2018 | |
| 2006-07 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 4 |
| 2007-08 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 1 |
| 2009-10 , 2010-11 2011-12 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 24 |
| 2012-13 , 2013-14 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 7 |
| 2014-15 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2078 /17 തീയതി 09-04-2018 | 8 |
| 2015-16 | എൽ.എഫ് / കെ.എൻ.ആർ /സി4 / 2227 /16 തീയതി 23-01-2017 | 7 |
| 2016-17 | എൽ.എഫ് / കെ.എൻ.ആർ /സി4 / 1636/17 തീയതി 01-11-2017 | 12 |
| 2017-18 | കെ എസ് എ /കെ എൻ ആർ/സി4-187/19 തീയതി 22-03-2019 | 29 |
| 2018-19 | കെ എസ് എ /കെ എൻ ആർ/സി14-1879/19 തീയതി 11-02-2020 | 16 |
| 2019-20 | കെ എസ് എ /കെ എൻ ആർ/സി14/419/19 തീയതി 11-02-2020 | 21 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പടിയൂർ കല്ലിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Padiyoor Kalliad Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 17837134.00 |
| Cash | Cash | RP-40(a) | 18782.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 674800.00 |
| 140000000 | Fees & User Charges | RP-4 | 588159.00 |
| 150000000 | Sale & Hire Charges | RP-5 | 501281.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 56589617.00 |
| 171000000 | Interest Earned | RP-9 | 376544.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9665199.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 330458.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 4760.00 |
| 311000000 | Earmarked Funds | RP-29 | 496.00 |
| 340000000 | Deposits Received | RP-34 | 83033.00 |
| 350000000 | Other Liabilities | RP-36 | 239820.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3146195.00 |
| | Grand total | | 90056278.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3394895.00 |
| 220000000 | Administrative Expenses | RP-12 | 1229035.00 |
| 230000000 | Operations & Maintenance | RP-13 | 1310351.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5295382.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12326745.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1104487.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 98933.00 |

| | | | |
|---|---|---|---|
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 378520.00 |
| 255000000 | Maintenance Projects | RP-20 | 12792468.00 |
| 280000000 | Prior Period item | RP-26 | -26322.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3591449.00 |
| 350000000 | Other Liabilities | RP-36 | 4542224.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3409.00 |
| 280000000 | Prior Period Item | RP-26 | -5440.00 |
| 311000000 | Earmarked Funds | RP-29 | 2000.00 |
| 340000000 | Deposits Received | RP-34 | 10250.00 |
| 350000000 | Other Liabilities | RP-36 | 1697455.00 |
| 410000000 | Fixed Assets | RP-38 | 7885030.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 4128418.00 |
| 460000000 | Loans, Advances and Deposits | RP-47 | 10749364.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 19525247.00 |
| Cash | Cash | RP-40(b) | 22378.00 |
| | Grand Total | | 90056278.00 |

## അനുബന്ധം 3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Padiyoor Kalliad Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3873685.00 |
| 140000000 | Fee & User Charges | I-4(b) | 842515.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 511281.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 151896300.00 |
| 171000000 | Interest Earned | I-8 | 376544.00 |
| 180000000 | Other Income | I-9 | 4760.00 |
| | Total Income | | 157505085.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10149183.00 |
| 220000000 | Administrative Expenses | I-11(b) | 1243310.00 |
| 230000000 | Operations & Maintenance | I-12(b) | 1310351.00 |
| 240000000 | Interest & Finance Charges | I-13 | 3409.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6796152.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 56949566.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1104487.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 98933.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 50619520.00 |
| 255000000 | Maintenance Projects | I-14(e) | 12792468.00 |
| 270000000 | Provisions and Write off | I-16 | 12066.00 |
| 272000000 | Depreciation | I-17(a) | 8736006.00 |
| | Total Expenditure | | 149815451.00 |
| | Gross Surplus/ Deficit of income over Expenditure | | 7689634.00 |
| 280000000 | Prior Period Item | I-18 | -44048.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 7733682.00 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3
## ബാലൻസ് ഷീറ്റ്

| Padiyoor Kalliad Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 6912350.80 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 14123.00 |
| 312000000 | Reserves | B-3 | 59370926.00 |
| | Total Reserve & Surplus | | 66297399.80 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10092461.00 |
| | Total Grants, Contributions for Specific Purposes | | 10092461.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 15354573.00 |
| | Total Loans | | 15354573.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 294035.00 |
| 350000000 | Other Liabilities | B-9 | 1490729.10 |
| | Total Current Liabilities and Provisions | | 1784764.10 |
| | TOTAL LIABILITIES | | 93529197.90 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 92543929.00 |
| 411000000 | Accumulated Depreciation | B-11 | -36770244.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 55773685.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10000.00 |
| | Total Investments | | 10000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 32875.00 |
| 431000000 | Sundry Debtors (Receivables) | B-15 | 5427988.90 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 19547625.00 |
| 460000000 | Loans, Advances and Deposits | B-18 | 12737024.00 |
| | Total Current Assets, Loans and Advances | | 37745512.90 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 93529197.90 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.